
ഗോസ്പൽ മെസഞ്ചർ
₹12
VOLUME XVII ISSUE 5 | AUGUST 2026 | ക്രിസ്തീയ കുടുംബ മാസിക
"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ;
സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു"
(ഫിലിപ്പിയർ 4:4)

# E D I T O R I A L

## പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?



റവ. പി.വി. യാക്കോബ്

**ലോ**കത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നോക്കിയാൽ ക്രൈസ്തവസഭക്ക് നേരെയുള്ള പീഡകൾ വർദ്ധിക്കുന്നു എന്ന് കാണാം. എന്നാൽ, അത്ഭുതമെന്ന് പറയട്ടെ; ദൈവത്തിന്റെ പരിശുദ്ധാത്മാവ് സഭയെ ശക്തമായി വളർത്തുകയാണ്.

ഛത്തീസ്ഗഢിലെ, ക്രൈസ്തവ കുടുംബങ്ങൾ, ഈ നാളുകളിൽ, കടുത്ത സാമൂഹിക ബഹിഷ്കരണവും മനുഷ്യാവകാശ ലംഘനങ്ങളും നേരിടുന്നു. അവരുടെ ഉപജീവനമാർഗ്ഗങ്ങൾ എല്ലാം തടയുന്നു; ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള ജോലികൾ നിഷേധിക്കുന്നു; കുടിവെള്ളം മുടക്കുന്നു- നദികൾ, കുളങ്ങൾ, ടാപ്പുകൾ, ഹാൻഡ് പമ്പുകൾ മുതലായ പൊതു കുടിവെള്ള സ്രോതസുകൾ - എല്ലാറ്റിൽനിന്നും അവരെ നിരോധിക്കുന്നു; അവരുടെ ഭവനങ്ങൾ ആക്രമിക്കപ്പെടുന്നു.

എങ്കിലും, ഛത്തീസ്ഗഢിൽ വൻ ക്രൈസ്തവ വിശ്വാസ മുന്നേറ്റം നടക്കുന്നതായി ജേർണലിസ്റ്റ് ജാവേർഖാനെ ഉദ്ധരിച്ചുകൊണ്ട് ശ്രീ മാത്യു ശാമുവേൽ റിപ്പോർട്ട്ചെയ്യുന്നു. ഒരു കാലഘട്ടം മുമ്പുവരെ, ആ ദേശത്തിന്റെ നല്ലൊരു ഭാഗം നക്സലൈറ്റുകളുടെ നിയന്ത്രണത്തിൽ ആയിരുന്നു. എന്നാൽ ഇന്ന്, നക്സലൈറ്റുകളുടെ നേതാക്കൾ പലരും യേശുവിനെ സ്വീകരിക്കുകയും ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരായി മാറുകയും അവരിലൂടെ സഭ ശക്തമായി വളരുകയും ചെയ്യുന്നു! വിപ്ലവവീര്യത്താൽ കൊല്ലും കൊലയും കർമ്മപദ്ധതിയുടെ ഭാഗമാക്കിയിരുന്ന നക്സലൈറ്റ് ദാർശനികരെ കർത്താവ് തന്റെ അമ്പാസിഡേഴ്സ് ആക്കി അത്ഭുതം സൃഷ്ടിച്ചിരിക്കുന്നു.

ഈസ്റ്റ് ആഫ്രിക്കയിലെ റുവാണ്ടയിൽ, ആ രാജ്യത്തിന്റെ പ്രസിഡന്റ് പോൾ കഗാമെ നൂറുകണക്കിന് ഇവാഞ്ചലിക്കൽ ചർച്ചുകൾ അടച്ചുപൂട്ടി. 2018-ലെ പള്ളികളെ നിയന്ത്രിക്കുന്ന നിയമം ഉപയോഗിച്ചാണ് ഇങ്ങനെ ചെയ്തത്. നിലവിൽ 10,000-ത്തിൽ അധികം പള്ളികൾ അടച്ചുപൂട്ടിയതായി റിപ്പോർട്ട് ഉണ്ട്. ഇന്ന്, അണ്ടർഗ്രൗണ്ട് ചർച്ചുകൾ അവിടെ ശക്തമായി വളരുന്നു.

സൗത്ത് അമേരിക്കയിലെ ബ്രസീൽ ഒരു വലിയ രാജ്യമാണ്. അതിന്റെ വടക്കുപടിഞ്ഞാറൻ മേഖലയിൽ - ആമസോൺ നദീതടത്തിൽ - വലിയ ആത്മീയ ഉണർവ്വ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആമസോൺനദിയിൽ നൂറുകണക്കിന് ആൾക്കാരുടെ 10-ഉം 15-ഉം കൂട്ടങ്ങൾ ഒരുമിച്ച് സ്നാനം ഏൽക്കുന്നതിന്റെ ഹൃദയസ്പർശിയായ ചിത്രങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഏകദേശം 30 ദശലക്ഷം ആമസോണിയക്കാർ ഇപ്പോൾ ആത്മീയസന്തോഷം അനുഭവിക്കുന്നു.

വി. പൗലൊസ് പറഞ്ഞതുപോലെ "കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ" (റോമർ 8:35-37). ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും തന്റെ ജനങ്ങളെ വേർപിരിക്കുന്നില്ല. ക്രിസ്തുവിന്നായി കഷ്ടം സഹിക്കുവാൻ പോർക്കളത്തിലേക്ക് നമുക്കും ഇറങ്ങാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# CONTENTS


03 ദൈവത്തെ അനുസരിച്ച കാക്ക
ഡോ. വി. പി. മത്തായി വാലയിൽ

05 ചെയ്യുന്നതെല്ലാം എന്തിനുവേണ്ടി?
ഡോ. നെൽസൻ മാത്യു വാലയിൽ

07 കുടുംബബന്ധത്തിൽ ഊഷ്മളത – ക്രിസ്തുസ്വരൂപീകരണം മൂലം
പ്രൊഫ. ജോൺ സഖറിയ

09 ക്രിസ്തീയ ജീവിതവിജയ സംസ്കാരം
ഡോ. നെൽസൺ അബ്രാഹം

11 ശലോമ
ലീലാമ്മ ഉമ്മൻ

13 ജോലിയിൽ ദൈവഹിതം (തുടർച്ച)
റവ. ബേസിൽ ജോർജ്ജ്

15 സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ
ടീച്ചർ

25 ക്രിസ്തുയേശുവിലുള്ള ഭാവം
സി.ജി. തോമസ്

- അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



EDITORIAL BOARD


PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR : Rev.P.V. Yacob
EXECUTIVE EDITOR : Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com 8281616654

For Donation to Gospel Messenger



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ

# ദൈവത്തെ അനുസരിച്ച കാക്ക

**ദൈവം നോക്കി, വിശ്വസ്തന്മാരെ ആരേയും കാണാത്തതിനാൽ കാക്കയോട് കല്പിച്ചാൽ കാക്ക ദൈവത്തെ അനുസരിക്കുമെന്ന് മനസ്സിലാക്കിയ ദൈവം മനുഷ്യനെക്കാൾ കാക്കയെ വിശ്വസ്തനായി കണ്ടു എന്ന് സാരം.**

ദൈവത്തിന്റെ കർമ്മപരിപാടികളെ സസൂക്ഷ്മം നിരീക്ഷിച്ചാൽ അത്ഭുതവും രസാവഹവുമാണ്. ആഹാബ്‌രാജാവ് യിസ്രായേലിനെ ഭരിക്കുന്ന കാലത്ത് ആരാധന ആലയത്തിൽനിന്നും മാറി. ബലിപീഠങ്ങൾ നിർമ്മിച്ച് താന്താങ്ങൾക്ക് തോന്നും പോലെ ആരാധിക്കാം എന്നായി. രാജാവിന്റെ ഭാര്യയായ ഈസേബെൽ ബാലിന്റെ ആരാധനാവൃന്ദത്തിൽപ്പെട്ടവൾ ആയതിനാൽ ബാലിന്റെയും അശേരാപ്രതിഷ്ഠകളുടെയും ആരാധനയും ബലിപീഠങ്ങളും ഉയരുന്നതിൽ അത്യധികം സഹായിച്ചു. നാടെങ്ങും അന്യാരാധന ഉയർന്നു. മിസ്രയീമിൽ നിന്നും കൂട്ടിക്കൊണ്ടുവന്ന ദൈവത്തെ അവർ മറന്നു. പിതാക്കന്മാരുടെ ദൈവത്തെ അവർ വിസ്മരിച്ചു. ആലയവും ആരാധനയും യാഗവും അവർക്ക് അന്യമായിത്തീർന്നപ്പോൾ ദൈവം ദൈവജനത്തെ മടക്കിക്കൊണ്ടുവരാൻ ശിക്ഷയുടെ വടിയെടുത്തു. ആ കാലഘട്ടത്തിൽ ദൈവം എന്തുപറഞ്ഞാലും അതുപോലെ അനുസരിക്കുന്ന ഒരു മനുഷ്യനെ ദൈവം കണ്ടെത്തി. അവന്റെ പേരായിരുന്നു. ഏലീയാവ് എന്ന്. ഭാരമേറിയ ഒരു നിയോഗം ഏലീയാവിനെ ഏൽപ്പിച്ചു. ദൈവം ദേശത്ത് എന്ത് ചെയ്യാൻ പോകുന്നുവെന്ന് ദേശാധിപതിയെ അറിയിക്കുക എന്നതായിരുന്നു ആ നിയോഗം. "ഞാൻ പറഞ്ഞല്ലാതെ ഇനി ഈ ദേശത്ത് മഴയോ മഞ്ഞോ ഉണ്ടാകുകയില്ല." (1 രാജാ. 18:1-6). അങ്ങനെ ക്ഷാമം ആരംഭിച്ചു. നമ്മൾ പലപ്പോഴും ഏലീയാവിനെ പോറ്റിയ ദൈവം എന്നേയും പോറ്റും എന്ന് വിശ്വാസപ്രഖ്യാപനം നടത്തുന്നതിൽ മുൻനിരയിൽത്തന്നെ ഉണ്ട്. എന്നാൽ ഏലീയാവിനെപ്പോലെ ദൈവം പറയുന്ന ഏത് നിയോഗവും ഏറ്റെടുക്കുന്ന - പൂർണ്ണമായി അനുസരിക്കുന്ന - ഭൃത്യനെയാണ് ഏത്‌വിധേനയും, ഏതവസ്ഥയിലും പോറ്റുന്നത് എന്നത് വിസ്മരിച്ചുകൂടാ. ഞാനും ഏലീയാവിനെപ്പോലെ ദൈവം പറയുന്ന ഏത് നിയോഗവും സ്വന്തം കാര്യം നോക്കാതെ ഏറ്റെടുക്കുന്ന ദൈവദാസനാണെന്ന് ഒരു സ്വകാര്യമായെങ്കിലും സമ്മതിക്കുവാൻ നമുക്ക് കഴിയുമോ? ഇത് നമ്മുടെ പരാജയത്തിന്റെ ഒരു മേഖലയല്ലേ എന്ന് സ്വയം ചിന്തിക്കുന്നതായിരിക്കുമല്ലോ ഉചിതം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ എപ്പോഴും ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന ആളോ? Availability ആണ് Abilityയെക്കാൾ ദൈവം നോക്കുന്നത്. ഇങ്ങനെ ലഭ്യമായ ഒരു വ്യക്തിയായിരുന്നു ഏലീയാവ്. അതിനാൽ ദൈവത്തിന്റെ സംരക്ഷണം ഉറപ്പായി. ഈ അവസ്ഥയിൽ നാം ആയിത്തീരുന്നുവെങ്കിൽ കാക്കയെ അയച്ചുപോലും നമ്മൾക്കായി കരുതി എന്നുവരും.

രണ്ടാമത്തെ വസ്തുത അങ്ങനെ ഒരു ഭക്തനെ പോറ്റുവാൻ എന്തുകൊണ്ട് കാക്കയെ മാത്രം ലഭിച്ചു. കാരണം ദേശം മുഴുവൻ ക്ഷാമത്തിലാണ്. ദേശം മുഴുവൻ അന്യാരാധനയിലാണ്. ദേശം മുഴുവൻ യഹോവയിൽനിന്നും അകന്നിരിക്കുന്നു ദൈവം നോക്കി, വിശ്വസ്തന്മാരെ ആരേയും കാണാത്തതിനാൽ കാക്കയോട് കല്പിച്ചാൽ കാക്ക ദൈവത്തെ അനുസരിക്കുമെന്ന് മനസ്സിലാക്കിയ ദൈവം മനുഷ്യനെക്കാൾ കാക്കയെ വിശ്വസ്തനായി കണ്ടു എന്ന് സാരം. ദൈവം കല്പിച്ചാൽ മൃഗങ്ങൾ അനുസരിച്ച ചരിത്രം വചനത്തിൽ നാം വായിക്കുന്നുവല്ലോ. മത്സ്യവും അനുസരിച്ചകാര്യം നാം പഠിക്കുന്നുവല്ലോ. പുഴുപോലും ദൈവം പറഞ്ഞത് അനുസരിച്ചില്ലേ. കാക്കയുടെ കയ്യിൽ ഒരു ശുശ്രൂഷയാണ് ദൈവം കൊടുത്തത്. ചെറിയ കാര്യമല്ല ഏല്പിച്ചത്, ക്ഷാമകാലത്ത് ഒരു ഭക്തനെ പോറ്റുവാനുള്ള

ഉത്തരവാദിത്വമാണ്. കാക്കക്ക് ഏറ്റവും ഇഷ്ടപ്പെട്ട താണല്ലോ അപ്പവും ഇറച്ചിയും. അന്ന് കിട്ടാൻ സാദ്ധ്യതയുള്ള ഏകസ്ഥലം ആഹാബ്‌രാജാവിന്റെ കൊട്ടാരം മാത്രമാണ്. അങ്ങനെയെങ്കിൽ ആഹാബിന്റെ ശത്രുവിനെ പോറ്റാനുള്ളത് അവന്റെ പാചകശാലയിൽനിന്നും കൊടുത്ത് പോറ്റിയവനല്ലേ നമ്മുടെ ദൈവം. ഈ പ്രായംവരെ നാം ഈ ഭൂമിയിൽ ജീവിച്ചിട്ട് ഇപ്രകാരം ഒരു ശുശ്രൂഷ ദൈവം എനിക്ക് തന്നിട്ടുണ്ടെന്ന് പറയാൻ നമുക്ക് കഴിയുമോ? ദൈവഭക്തന്മാരെ പോറ്റാനുള്ള ശുശ്രൂഷ ദൈവം കയ്യിൽ തന്നിട്ടുണ്ടോ? അതല്ലേ കാക്കയുടെ ശുശ്രൂഷ.

നമ്മുടെ വരുമാനംകൊണ്ടു നമ്മുടെ കുടുംബം മാത്രം (ഭാര്യയും ഭർത്താവും മക്കളും) കഴിഞ്ഞാൽ പോരാട്ടോ. ആ കൂടെ ഒരു മിഷനറിക്ക്കൂടിയുള്ളത് കൊടുക്കുവാൻ കഴിയുന്നവനാണ് കാക്കയുടെ ശുശ്രൂഷക്ക് അവകാശിയായിത്തീരുന്നത്. ഒരു ദൈവദാസനെ സംരക്ഷിക്കുന്നതിന് നമ്മുടെ സൗകര്യം, വിദ്യാഭ്യാസം ധനം ആരോഗ്യം എന്നുവേണ്ട ദൈവം തന്നതെല്ലാം പങ്കുവെക്കുന്നത് ദൈവം ഏല്പിച്ചിരിക്കുന്ന ഒരു ശുശ്രൂഷയാണ്. എന്ന് മനസ്സിലാക്കാം പങ്കുവെക്കുമ്പോൾ തീരുകയല്ല വർദ്ധിക്കുകയാണ്. ഇതാണ് ദൈവിക ധനതത്വശാസ്ത്രം - കയ്യിൽ ദൈവം തന്നിരിക്കുന്നത് ആദ്യം ദൈവത്തിന്റെ കല്പനക്ക് അനുസരിച്ച് പങ്കുവെച്ചാൽ പങ്കുവെക്കുന്നവന്റെ മരണംവരെയുള്ള സമൃദ്ധിക്ക് കാരണമാക്കുന്നു. 17-ാം അദ്ധ്യായത്തിൽ നാം കാണുന്നത് ഒരു വിധവയുടെ ശുശ്രൂഷയാണ് തനിക്കും മകനും മാത്രമുള്ള മാവ് ഏലീയാവിന് ഷെയർചെയ്യാൻ ദൈവം കല്പിച്ചു. കാക്കയുടെ ശുശ്രൂഷ കയ്യിലുള്ളത് മുഴുവൻ കൊടുക്കാനാണ് എങ്കിൽ ഇവിടെ കയ്യിലുള്ളത് ആദ്യം പങ്കുവെക്കുന്നതാണ്. ആ ശുശ്രൂഷ ഇവിടെ സ്ത്രീയോട് കല്പിച്ചിട്ടുണ്ട് എന്ന് ഏലീയാവോട് യഹോവ പറയുകയാണ്. കല്പന ലഭിച്ചതും പ്രവർത്തിച്ചതും ആ സ്ത്രീക്ക് അറിയില്ല. ആ സമയമാണ് പ്രധാനമായത് ദൈവഭക്തൻ വരുന്ന സമയമായപ്പോഴേക്കും ആ സ്ത്രീയെ ദൈവം ഉണർത്തി. ഏലീയാവിനെ തന്റെ കണ്ണിൻ മുന്നിലെത്തിച്ചു. ഏലീയാവ് വരാൻ താമസിച്ചിരുന്നെങ്കിലോ ആ സ്ത്രീയെ കാണില്ല ഏലീയാവ് നിരാശനാകുമായിരുന്നില്ലേ? പക്ഷേ ദൈവം എല്ലാം നന്നായി ചെയ്യുന്നു. ഒരു കാക്കയും ഒരു വിധവയും ഏലീയാവിനെ പഠിപ്പിച്ച വസ്തുതയാണ് ദൈവം ആർക്കും കടക്കാരനാകില്ല. നമ്മൾ സമയം തെറ്റിക്കാതിരുന്നാൽ ദൈവിക പദ്ധതികളെല്ലാം അനുഗ്രഹമായിരിക്കും. തനിക്കുള്ളതെല്ലാം കർത്താവിന്റെ കല്പനക്ക്മുന്നിൽ സമർപ്പിച്ചപ്പോൾ എല്ലാം അവൻ വർദ്ധിപ്പിച്ചില്ലേ. തന്റെ ജീവിതം മുഴുവൻ അർത്ഥപൂർണ്ണമാക്കി ദൈവം മാറ്റിത്തന്നില്ലേ.

കാക്കയുടെയും വിധവയുടെയും ശുശ്രൂഷ എന്നത് ആധുനിക കാലഘട്ടത്തിൽ ഒഴിവാക്കാൻ കഴിയാത്തതല്ലേ. ദൈവം തന്നത് പൂർണ്ണമായി സമർപ്പിക്കണം. അഥവാ ദൈവം ഏല്പിച്ചത് പൂർണ്ണമായി സമർപ്പിക്കണം. ആ സമർപ്പണം മറ്റൊന്നിന്റെ ആരംഭമാണ്. പങ്കുവെക്കുന്നത് അവസാനിക്കില്ല, ലഭിച്ചുകൊണ്ടേയിരിക്കും.

ദൈവത്തിന്റെ വീര്യപ്രവർത്തികളെ വെളിപ്പെടുത്തുന്ന മറ്റൊരു സംഭവമാണ് പുറപ്പാട് 2:8,9 വാക്യങ്ങളിൽ നാം വായിക്കുന്നത്. ഫറവോന്റെ കൊട്ടാരത്തിൽ ഫറവോന്റെ മകനെപ്പോലെ ജീവിച്ചു. രാജകീയ ഭക്ഷണവും സൗകര്യവും ലഭ്യമായി. സമയമായപ്പോൾ ദൈവജനത്തോടു ചേർന്നു. തന്റെ ജനത്തെ നയിക്കുന്നതിനുള്ള ആരോഗ്യവും മനസ്സും ബുദ്ധിയും ഈ നാളിൽ ലഭിച്ചു. തന്റെ മുലകുടി മാറുംമുന്നെ തന്നെ വെള്ളത്തിൽ ഒഴുക്കിക്കളഞ്ഞുവെങ്കിലും തന്റെ അമ്മക്ക് ശമ്പളം കൊടുത്ത് അമ്മതന്നെ അവനു മുലപ്പാൽ നൽകി പോറ്റുകയും മാസംതോറും അതിനുള്ള ശമ്പളം പറ്റുകയും ചെയ്തു. ഇങ്ങനെയുള്ള ഒരവസരം ദൈവം തനിക്ക് ഒരുക്കിത്തന്നുവെന്നേ പറയാനുള്ളു. ആ കാലയളവിൽ വചനം പഠിക്കുകയും സാക്ഷാൽ യിസ്രായേല്യനായി കൊട്ടാരത്തിൽ കഴിഞ്ഞു എന്നത് ദൈവം ചെയ്ത വീര്യപ്രവൃത്തി അല്ലാതെ മറ്റെന്താണ്? ദൈവം മഹാനായതിനാൽ അവന്റെ പ്രവർത്തികളും മഹത്വമുള്ളതായിരിക്കും. ദൈവം വീരനാകയാൽ അവന്റെ പ്രവർത്തികളും വീര്യമുള്ളതാകും. ആ വലിയവനായ ദൈവത്തിനായി നമ്മെയും നമ്മുടെ മക്കളെയും നമ്മുടെ വിലപ്പെട്ട ജീവിത സാഹചര്യങ്ങളെയും പങ്കുവെക്കു! എന്നാൽ അവൻ വൻകാര്യങ്ങൾ നമുക്കായും ചെയ്യും.

**നമ്മൾ വിശാലമായി ചിന്തിക്കേണ്ട സാഹചര്യമാണ് നമുക്ക് ഉള്ളതെന്ന് നാം മനസ്സിലാക്കണം. ഒന്നുകിൽ നാം പോകണം. അല്ലെങ്കിൽ നമ്മുടെ വീട്ടിൽനിന്ന് ഒരാൾ പോകണം. അതുമല്ലെങ്കിൽ ഒരു മിഷനറിപ്രസ്ഥാനത്തിന്റെയോ സഭയുടെയോ അയക്കപ്പെട്ട ഒരു മിഷനറിയെ സന്ധിക്കണം. ഇതു വഴി നാം ഒരു കാക്കയുടെ ശുശ്രൂഷക്ക് ചുമൽവെക്കുകയാണ്. എന്റെ വരുമാനത്തിൽനിന്നും ഒരു മിഷനറിയുടെ ആവശ്യം നിറവേറ്റാൻ എനിക്ക് കഴിയുമോ എന്ന് ഇന്നുതന്നെ ചിന്തിച്ചു തീരുമാനിക്കണം.** കാക്ക വന്നില്ലെങ്കിലും പകരം ഒരു മാർഗ്ഗം അവൻ തുറക്കും. ശേഷം മാത്രമേ ദൈവം തുറന്ന മാർഗ്ഗം അടക്കുകയുള്ളു.

നമുക്ക് ദൈവം തന്നിട്ടുള്ളതെല്ലാം കരുണതോന്നി സ്നേഹപൂർവ്വം തന്നതാകയാൽ അതെല്ലാം നമ്മുടെ സ്വന്തമല്ലെന്ന് നമുക്ക് അറിയാമല്ലോ.

കർത്താവിനായി, അവന്റെ നാമമഹത്വത്തിനും സുവിശേഷവേലയിൽ പങ്കാളിയാകേണ്ടതിന്നും ഒരു കാക്കയുടെ ശുശ്രൂഷ അല്ലെങ്കിൽ ആ വിധവയുടെ ശുശ്രൂഷ ഏറ്റെടുത്ത് ഭാരതസുവിശേഷീകരണത്തിൽ പങ്കാളിയാകുവാൻ പ്രിയ വായനക്കാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ജീവിത ചിന്തകൾ





ഡോ. നെൽസൺ മാത്യു വാലയിൽ

# ചെയ്യുന്നതെല്ലാം എന്തിനുവേണ്ടി?

ആരെങ്കിലും നമ്മോടു, 'നിങ്ങൾ ചെയ്യുന്നതെല്ലാം എന്തിനുവേണ്ടിയാണ്?' എന്ന് ചോദിച്ചാൽ എന്ത് മറുപടി പറയും?' നാം ഓരോ ദിവസവും രാവിലെ ഉണരുന്നു. ജോലിക്കു പോകുന്നു, കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നു, പണം സമ്പാദിക്കുന്നു, മക്കളെ വളർത്തുന്നു, പദ്ധതികൾ തയ്യാറാക്കുന്നു, ജീവിതം മുന്നോട്ടു പോകുന്നു. എന്നാൽ ഇതിന്റെ നടുവിൽ വളരെ കുറച്ചുപേർ മാത്രം സ്വയം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ഞാൻ ഇതെല്ലാം എന്തിനുവേണ്ടിയാണ് ചെയ്യുന്നത്?

ജീവിതകാലം മുഴുവൻ ഉപജീവനത്തിനുവേണ്ടി അദ്ധ്വാനിച്ചിട്ടും, എന്തിനുവേണ്ടിയാണ് ജീവിച്ചതെന്ന് ഒരിക്കലും കണ്ടെത്താതെ ഈ ലോകം വിട്ടുപോകുന്നവർ ഏറെയുണ്ട്. അവർ തിരക്കിലായിരുന്നു, എന്നാൽ ലക്ഷ്യത്തിലായിരുന്നില്ല. അവർ വിജയിച്ചിരിക്കാം, എന്നാൽ ദൈവം ഏൽപ്പിച്ച ദൗത്യം തിരിച്ചറിഞ്ഞില്ല.

നമ്മുടെ ജീവിതവും അങ്ങനെ ആകാം. പല കാര്യങ്ങളിലും തിരക്കുള്ളവരായിരിക്കാം. സമൂഹത്തിന് ഉപകാരപ്പെടുന്നവരായിരിക്കാം. നല്ല ജോലി, നല്ല കുടുംബം, നല്ല പേര് ഇതെല്ലാം ഉണ്ടായിരിക്കാം. എന്നിട്ടും ദൈവം നമ്മെ എന്തിനുവേണ്ടിയാണ് സൃഷ്ടിച്ചതെന്ന് കണ്ടെത്താതെ ജീവിക്കാൻ സാധ്യതയുണ്ട്.

വിദ്യാർത്ഥികളുമായി കൗൺസലിംഗ് നടത്തുമ്പോൾ ചിലപ്പോൾ കാണുന്ന ഒരു കാഴ്ചയുണ്ട്. ദിവസം മുഴുവൻ കളിക്കുന്നു. സുഹൃത്തുക്കളോടൊപ്പം സമയം ചെലവഴിക്കുന്നു. ഫോൺ ഒരുപാട് ഉപയോഗിക്കുന്നു. എല്ലാറ്റിനും സമയം കണ്ടെത്തുന്നു. പക്ഷേ പഠനത്തിനായി സമയം കണ്ടെത്തുന്നില്ല. പഠിക്കാനുള്ള കഴിവില്ലാത്തതുകൊണ്ടല്ല; തന്റെ പ്രധാന ദൗത്യം എന്താണെന്ന് തിരിച്ചറിയാതെപോകുന്നതുകൊണ്ടാണ്. ജീവിതത്തിലും അങ്ങനെ സംഭവിക്കാം. പല നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും ഏറ്റവും പ്രധാനപ്പെട്ട കാര്യം ചെയ്യാതെപോകാം.

ബൈബിൾ നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വളരെ വ്യക്തമായി സംസാരിക്കുന്നു. "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫെസ്യർ 2:10).

ഈ വാക്യത്തിൽ രണ്ട് മഹത്തായ സത്യങ്ങൾ കാണാം. ഒന്നാമതായി, നാം ദൈവത്തിന്റെ കൈപ്പണിയാണ്. നമ്മുടെ ജനനം യാദൃശ്ചികമല്ല. നമ്മുടെ ജീവിതം ഒരു അപകടമല്ല. ദൈവത്തിന്റെ ആലോചനയുടെയും സ്നേഹത്തിന്റെയും ഫലമാണ്. രണ്ടാമതായി, ദൈവം നമ്മെ വെറുതെ സൃഷ്ടിച്ചിട്ടില്ല. സൽപ്രവൃത്തികൾക്കായിട്ടാണ് അവൻ നമ്മെ സൃഷ്ടിച്ചത്. അതുമാത്രമല്ല, നാം ചെയ്യേണ്ട ആ പ്രവൃത്തികൾ അവൻ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു. അതായത്, നാം ഈ ലോകത്തിലേക്ക് വരുന്നതിനുമുമ്പുതന്നെ ദൈവത്തിന് നമ്മുടെ ജീവിതത്തെക്കുറിച്ച് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു.

ഇത് ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട്തന്നെ മാറ്റുന്നു. നാം ജോലിചെയ്യുന്നത് ശമ്പളം ലഭിക്കാനായി മാത്രമല്ല. കുടുംബം നോക്കുന്നത് ഒരു കടമ നിറവേറ്റാൻ മാത്രമല്ല. സഭയിൽ ശുശ്രൂഷചെയ്യുന്നത് ഒരു പരിപാടി നടത്താൻ മാത്രമല്ല. ഇതെല്ലാം ദൈവം ഏൽപ്പിച്ച വലിയ ദൗത്യത്തിന്റെ ഭാഗങ്ങളാണ്.

അതിനാൽ ഓരോ വിശ്വാസിയും സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്: 'ദൈവം എനിക്ക് മാത്രമായി ഏൽപ്പിച്ചിരിക്കുന്ന ദൗത്യം എന്താണ്?' ആ ദൗത്യം കണ്ടെത്തുകയും അതിനുവേണ്ടി ജീവിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ വിജയകരമായ ജീവിതം.

**ഓരോ ജീവിതത്തിനും ഒരു ദൈവിക ദൗത്യമുണ്ട്**

ദൈവം ഓരോ മനുഷ്യനെയും ഒരേ മാതൃകയിൽ സൃഷ്ടിച്ചിട്ടില്ല. ഓരോരുത്തർക്കും വ്യത്യസ്തമായ വ്യക്തിത്വം, അനുഭവങ്ങൾ, കഴിവുകൾ, അവസരങ്ങൾ, സാഹചര്യങ്ങൾ എന്നിവ അവൻ നൽകിയിരിക്കുന്നു. അതുപോലെതന്നെ, ഓരോരുത്തരെയും ഏൽപ്പിച്ചിരിക്കുന്ന ദൗത്യവും വ്യത്യസ്തമാണ്. ദൈവരാജ്യത്തിൽ എല്ലാവരും ഒരേ പ്രവർത്തിയല്ല ചെയ്യുന്നത്. എന്നാൽ എല്ലാവർക്കും എന്തെങ്കിലും പ്രവൃത്തി വെച്ചിട്ടുമുണ്ട്.

ബൈബിളിലേക്ക് നോക്കുമ്പോൾ ഇത് വളരെ വ്യക്തമായി കാണാം. നോഹയെ ദൈവം ഒരു പെട്ടകം പണിയാൻ വിളിച്ചു. എസ്ഥേറിന്റെ ദൗത്യം വ്യത്യസ്തമായിരുന്നു. അവൾ ഒരു ജനതയുടെ രക്ഷെക്കുവേണ്ടി രാജകൊട്ടാരത്തിൽ നിർത്തപ്പെട്ടു. നെഹെമ്യാവിന്റെ ജീവിതവും അതുതന്നെ പഠിപ്പിക്കുന്നു. അദ്ദേഹം ഒരു രാജാവിന്റെ പാനപാത്രവാഹകനായിരുന്നു. എന്നാൽ ദൈവം അദ്ദേഹത്തിന്റെ ഹൃദയത്തിൽ യെരുശലേമിന്റെ തകർന്ന മതിലുകളെക്കുറിച്ചുള്ള ഒരു ഭാരം വെച്ചു. ആ ഭാരം ഒരു പ്രാർത്ഥനയായി മാറി; പ്രാർത്ഥന ഒരു തീരുമാനമായി മാറി; തീരുമാനം ഒരു ദൗത്യമായി മാറി. ഒടുവിൽ, ദൈവത്തിന്റെ സഹായത്താൽ തകർന്ന മതിലുകൾ വീണ്ടും പണിതുയർത്തപ്പെട്ടു.

നോഹ, എസ്ഥേർ, നെഹെമ്യാവ് മൂന്നുപേരുടെയും ജീവിതം വ്യത്യസ്തമാണ്. അവരുടെ കാലഘട്ടവും സാഹചര്യങ്ങളും വ്യത്യസ്തമാണ്. എന്നാൽ അവരെ ഒന്നിപ്പിക്കുന്ന ഒരു സത്യമുണ്ട്: അവർ ദൈവം ഏൽപ്പിച്ച ദൗത്യം തിരിച്ചറിഞ്ഞു, അതിനുവേണ്ടി ജീവിച്ചു.

നമ്മുടെ ജീവിതത്തിലും ഇതേ സത്യം ബാധകമാണ്. ദൈവം എല്ലാവരെയും പ്രസംഗകരാക്കുന്നില്ല. എല്ലാവരെയും മിഷനറിമാരാക്കുന്നില്ല. എല്ലാവരെയും നേതാക്കളാക്കുന്നില്ല. എന്നാൽ അവൻ എല്ലാവരെയും തന്റെ രാജ്യത്തിനുവേണ്ടി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ തൊഴിൽ, കുടുംബം, കഴിവുകൾ, ബന്ധങ്ങൾ ഇവയെല്ലാം ദൈവം നൽകിയ ദൗത്യം നിറവേറ്റാനുള്ള ഉപാധികളാണ്. നമ്മുടെ തൊഴിൽ നമ്മുടെ ദൗത്യമാകണമെന്നില്ല; അത് നമ്മുടെ ദൗത്യം നിർവ്വഹിക്കാനുള്ള ഒരു വേദിയോ ഉപകരണമോ ആയിരിക്കാം.

ദൗത്യം എന്നത് എല്ലായ്പ്പോഴും വലിയ വേദികളിലോ ആയിരക്കണക്കിന് ആളുകളുടെ മുന്നിലോ നടക്കുന്നതല്ല. പലപ്പോഴും അത് വീട്ടിൽ, ജോലിസ്ഥലത്ത്, അയൽവാസിയുടെ ജീവിതത്തിൽ, അല്ലെങ്കിൽ ഒരു വ്യക്തിയുടെ ഹൃദയത്തിൽ ആരംഭിക്കുന്നു. ദൈവം നമ്മുടെ വിശ്വസ്തതയാണ് നോക്കുന്നത്, പ്രശസ്തിയല്ല. അതുകൊണ്ട് മറ്റുള്ളവരുമായി നമ്മുടെ ജീവിതത്തെ താരതമ്യംചെയ്യേണ്ട ആവശ്യമില്ല. ദൈവം നമ്മുടെ ജീവിതത്തിന് നൽകിയിരിക്കുന്ന വിളി മറ്റൊരാളുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കും. മറ്റൊരാൾ ചെയ്യുന്നതുപോലെ ചെയ്യാൻ ശ്രമിക്കുന്നതിനെക്കാൾ, ദൈവം നിങ്ങളെ ചെയ്യാൻ വിളിച്ചിരിക്കുന്ന കാര്യം കണ്ടെത്തുകയാണ് പ്രധാനം.

ചോദ്യത്തിലേക്ക് മടങ്ങിവരാം: 'ദൈവം എന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം എന്താണ്'? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്ന നിമിഷം മുതൽ ജീവിതം മാറിത്തുടങ്ങുന്നു. അപ്പോൾ ജീവിതം വെറും ജീവിച്ചുതീർക്കാനുള്ള ഒന്നല്ല; ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റാനുള്ള ഒരു വിശുദ്ധ ഉത്തരവാദിത്വമായി മാറുന്നു.

**'ദൗത്യത്തിനനുസരിച്ച് ഞാൻ ജീവിച്ചോ'?**

ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ നാം പല കാര്യങ്ങളുടെയും പിന്നാലെ ഓടുന്നു. വിദ്യാഭ്യാസം, ജോലി, കുടുംബം, സാമ്പത്തിക സുരക്ഷ, ഭാവിയെക്കുറിച്ചുള്ള പദ്ധതികൾ ഇവയെല്ലാം പ്രധാനപ്പെട്ടവയാണ്. എന്നാൽ വർഷങ്ങൾ കടന്നുപോകുമ്പോൾ, മനുഷ്യന്റെ ഉള്ളിൽ മറ്റൊരു ചോദ്യം ഉയരും – 'ഞാൻ ഇത്രയും വർഷങ്ങൾ ജീവിച്ചത് എന്തിനുവേണ്ടിയാണ്'?

നമ്മളിൽ പലരും ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ചിലർ നാല്പത് വർഷങ്ങൾ കണ്ടുകഴിഞ്ഞു. ചിലർ അറുപതും എഴുപതും വർഷങ്ങൾ പിന്നിട്ടു. ചിലർ എൺപത് വർഷത്തിലേക്കും എത്തിയിരിക്കുന്നു. നമ്മുടെ ജീവിതകഥയിൽ അനേകം അദ്ധ്യായങ്ങൾ പിന്നിട്ടു. എന്നാൽ ഇപ്പോൾ ഒരു നിമിഷം പിന്നിലേക്ക് നോക്കാം.

എന്റെ ജീവിതത്തിന്റെ അദ്ധ്യായങ്ങൾ ദൈവത്തിന്റെ ഉദ്ദേശ്യവുമായി ഒത്തുചേർന്നതായിരുന്നോ? ഞാൻ എന്റെ സമയവും കഴിവുകളും അവസരങ്ങളും ദൈവം ആഗ്രഹിച്ചതുപോലെ ഉപയോഗിച്ചോ? കഴിഞ്ഞുപോയ ദിവസങ്ങളെ നമുക്ക് മാറ്റാൻ കഴിയില്ല. നഷ്ടപ്പെട്ട അവസരങ്ങളെ തിരികെ കൊണ്ടുവരാൻ കഴിയില്ല. എന്നാൽ ദൈവത്തിന്റെ കൃപയിൽ, ഇന്നത്തെ ദിവസം മുതൽ കഥയുടെ അടുത്ത അദ്ധ്യായം വ്യത്യസ്തമാക്കാൻ കഴിയും. നാം ജീവനോടെയിരിക്കുന്നു എന്നതിന്റെ അർത്ഥം നമ്മുടെ ജീവിതപുസ്തകം ഇനിയും അവസാനിച്ചിട്ടില്ല എന്നാണ്. ഇനിയും ദൈവത്തിന് അതിൽ എഴുതുവാൻ ആഗ്രഹം ഉണ്ട്.

(ശേഷം പേജ് 30 – ൽ)





പ്രൊഫ. ജോൺ
സഖറിയ

# കുടുംബബന്ധത്തിൽ ഊഷ്മളത- ക്രിസ്തുസ്വത്വ രൂപീകരണം മൂലം

ഒരുവന്റെ സ്വത്വപ്രതിസന്ധി വിവാഹപങ്കാളിയുമായുള്ള ബന്ധത്തെ ഹനിക്കാം. ആയതിനാൽ സൗരഭ്യം ഉള്ള സ്വത്വരൂപീകരണം വിവാഹിതനാകുന്നതിനുമുമ്പ് സാധിച്ചാൽ അത്രക്ക് നല്ലത്. പ്രസ്തുത രൂപീകരണം തുടർമാനമായി, പടിപടിയായി, മാറ്റുള്ളതായിത്തീരണം.

മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു പറയുന്നു എന്നുള്ളത് ഏവർക്കും സന്തോഷം ഉള്ള, ഭാരപ്പെടുത്തുന്ന വിഷയമാണ്; നന്മ ഇല്ലാത്തവരായിരുന്നാലും. നല്ലത് പറയിപ്പിക്കുന്നതിനുവേണ്ടി പല കാര്യങ്ങൾ, മുഖംമൂടി ധരിച്ചുവരെ, ചെയ്തുകൊണ്ടിരിക്കും. പുറമേ കാണുന്നതല്ല/ കാണിക്കുന്നത് അല്ല അവരുടെ ഉള്ളിലുള്ള സ്വത്വം എന്നത് സത്യം. തത്ഫലമായി അവരിൽ, അവർക്കുതന്നെ ബോദ്ധ്യപ്പെടാത്ത, ഒരു സംഘർഷം (Conflict) ഉണ്ടായിരിക്കും. അത് അവരുടെ സന്തോഷത്തെ, സംതൃപ്തിയെ, സമാധാനത്തെ ബാധിക്കും.

നാം നമ്മെക്കുറിച്ച് എന്ത് ചിന്തിക്കുന്നു എന്നതോ മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്നുള്ളതോ അല്ല പ്രധാനം; നാം യഥാർത്ഥത്തിൽ ആരായിരിക്കുന്നു എന്നുള്ളതാണ്. അതറിയുന്നതിന് നല്ല നിലവാരമുള്ള ഒരു അളവുകോൽ വേണം. അത് സ്വന്തം അഭിപ്രായമായാൽ പോരാ; സമൂഹത്തിന്റെ അഭിപ്രായമായാലും പോരാ. അവയൊക്കെ ആപേക്ഷികമായിരിക്കുമല്ലോ. മൂല്യമുള്ള അളവുകോൽ വേദപുസ്തകമാണ്; ദൈവം നമ്മെക്കുറിച്ച് എന്തു പറയുന്നു എന്നുള്ളതാണ്.

യേശുക്രിസ്തു ഒരിക്കൽ ശിഷ്യന്മാരോട് "ആളുകൾ തന്നെക്കുറിച്ച് എന്തുപറയുന്നു" എന്ന് ചോദിച്ചു (മത്താ. 26:13-17). പല അഭിപ്രായങ്ങൾ കേട്ടത് അവർ പറഞ്ഞു. യേശു അതിനോട് പ്രതികരിച്ചില്ല; കാരണം തനിക്കറിയാമായിരുന്നു അവർ പറഞ്ഞതൊന്നും തന്നെ സംബന്ധിച്ച് പരമാർത്ഥം അല്ല എന്ന്. തുടർന്ന് യേശു ശിഷ്യന്മാരോട് ചോദിച്ചു 'നിങ്ങൾ എന്നെ ആർ എന്ന് പറയുന്നു'. പത്രൊസ് എടുത്തുചാടി പറഞ്ഞു: 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'. കർത്താവ് അത് അംഗീകരിക്കുകയും അവനെ പ്രശംസിക്കുകയും ചെയ്തു.

പിന്നൊരിക്കൽ തന്റെ കഷ്ടതയെക്കുറിച്ച് ശിഷ്യന്മാരോട് പറഞ്ഞപ്പോൾ പലപ്രാവശ്യം കർത്താവിനെ ശാസിച്ചുകൊണ്ട് നീ ഈ മണ്ടത്തരം പറയരുത് എന്ന് പത്രൊസ് പറഞ്ഞതു കേട്ട് സഹികെട്ടപ്പോൾ കർത്താവ് അവനോട്: "പിശാചേ, നീ എന്നെ വിട്ടു പോ" എന്നുവരെ പറയേണ്ടിവന്നു (മത്തായി 16:23).

കർത്താവ്, ആളുകൾ പുകഴ്ത്തിപ്പറഞ്ഞാൽ അപ്പൂപ്പൻതാടിപോലെ പൊങ്ങിപ്പോകുന്നവനോ ആളുകൾ തന്നെ ഇകഴ്ത്തിപ്പറഞ്ഞാൽ നിരാശപ്പെട്ട് നിലംപരിചാകുന്നവനോ ആയിരുന്നില്ല (He was never flattered by the appreciation nor flattened by the depreciation of others). യേശുവിനെ തച്ചന്റെ മകൻ, ചുങ്കക്കാരുടെയും പാപികളുടെയും വേശ്യമാരുടെയും സ്നേഹിതൻ എന്നൊക്കെ വിളിച്ചപ്പോൾ അവയിൽ മനംനൊന്തവനോ പ്രതികരിച്ചവനോ അല്ല യേശു. അതായത് കർത്താവ് തന്നെക്കുറിച്ച് വേണ്ട ബോദ്ധ്യം ഉള്ളവൻ ആയിരുന്നു; അത് അവന് തന്റെ പിതാവിൽനിന്ന് ലഭിച്ച ബോദ്ധ്യം ആയിരുന്നു.

അതാണ് സംതൃപ്തമായ സ്വത്വം. അവന്

വിമർശനങ്ങളിൽ നിരാശയില്ല; പ്രശംസകളിൽ മതിമയങ്ങുകയുമില്ല. പലപ്പോഴും വിമർശനങ്ങളും പുകഴ്ത്തലുകളും ഒരുപോലെ യാഥാർത്ഥ്യത്തിൽ നിന്ന് വളരെ ദൂരെ ആയിരിക്കാം; അല്പസ്വല്പം കഴമ്പ് കാണാമെങ്കിലും.

കുടുംബബന്ധങ്ങളിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾമൂലം ഒന്നുകിൽ മൂഢസ്വർഗ്ഗത്തിൽ അല്ലെങ്കിൽ നിരാശയിൽ ജീവിക്കുന്നവരായി പലപ്പോഴും നാം തീരാം. സ്വന്തമായി നല്ല ഒരു സ്വത്വം ഉണ്ടാകാത്തതിന്റെയും ഉണ്ടെങ്കിൽത്തന്നെ അതിന്റെ ബോദ്ധ്യം ഇല്ലാത്തതിന്റെയും ഫലമായി ബന്ധങ്ങളിൽ ഉലച്ചിലുകൾ സംഭവിക്കുന്നു. കുടുംബജീവിതത്തെ ബാധിക്കുന്നു. അതുപോലെതന്നെ മറ്റുള്ളവരെ പ്രീതിപ്പെടുത്താൻവേണ്ടി, പ്രശംസ പിടിച്ചുപറ്റാൻവേണ്ടി, ജീവിതത്തിലെ പോരായ്മകളെ മറച്ചുവെക്കാൻവേണ്ടി പല കാര്യങ്ങൾ മനുഷ്യൻ, ഒരു ക്രിസ്തീയ വിശ്വാസി ചെയ്യുന്നു; അതിന്റെ അസ്വസ്ഥതകൾ ഉള്ളിൽ അനുഭവിക്കുന്നു; പുറമേ സന്തോഷം പ്രകടിപ്പിക്കുന്നു എങ്കിലും.

ജീവിതാന്ത്യംവരെ ഒരുമിച്ച് ജീവിക്കേണ്ട ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഊഷ്മളമായ സ്നേഹബന്ധം എപ്പോഴും പുലർത്തേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ജീവിതപങ്കാളിയുടെ പ്രശംസക്ക് അനുസരിച്ച് അല്ലെങ്കിൽ വിമർശനത്തിനനുസരിച്ച് താളംതുള്ളരുത്; കുഴലൂത്തുകാരന്റെ ചലനത്തിനനുസരിച്ച് ആടുന്ന പാമ്പ്പോലെ.

നാം ആരും പൂർണ്ണരല്ല; "തെറ്റുകൾ മറച്ചുവെക്കുന്നവന് ശുഭം വരികയില്ല; അവയെ ഏറ്റുപറയുന്നവന് കരുണ ലഭിക്കും" - ദൈവത്തോടാണെങ്കിലും മനുഷ്യരോടാണെങ്കിലും. അതുപോലെ ആരെങ്കിലും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുണ്ടാക്കിയാൽ അതിനെ ശാന്തമനസ്സോടെ അവഗണിക്കുവാൻ സ്ഥിരതയുള്ള നല്ല സ്വത്വം ഉള്ളവനേ സാധിക്കൂ. പുകഴ്ച ലഭിക്കുമ്പോൾ, ദൈവത്തിന് മഹത്വം കരേറ്റിക്കൊണ്ട് വിനയാന്വിതനായി ഇരിക്കുവാൻ കഴിയും. ഈ സ്വഭാവവിശേഷങ്ങൾ ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും ഉള്ള ബന്ധങ്ങളിൽ എത്രമാത്രം സൗന്ദര്യം, സൗരഭ്യം, സംതൃപ്തി, സ്വസ്ഥത നൽകുന്നതാണെന്ന് അനുഭവിച്ചറിഞ്ഞേ മതിയാകൂ.

സ്വാഭാവിക സ്വത്വം നമ്മുടെ പാരമ്പര്യത്തെയും മാതാപിതാക്കളെയും സഹോദരങ്ങളെയും പഠനവിധങ്ങളെയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും വിവാഹബന്ധത്തെയും നാം ചെയ്യുന്ന ജോലിയെയും നമുക്കുള്ള നേട്ടങ്ങളെയും പരാജയങ്ങളെയും ഒക്കെ ആശ്രയിച്ചിരിക്കും.

ആയതിനാൽ, നമുക്കുള്ള സ്വാഭാവിക സ്വത്വം എന്തെന്ന് അറിഞ്ഞ്, ക്രിസ്തുവിൽ ഉള്ള നമ്മുടെ സ്വത്വം പ്രാപിച്ചു ജീവിക്കുമ്പോൾ ബന്ധങ്ങൾ ധന്യമായിത്തീരും.

അർത്ഥവത്തായ ഒരു ജീവിതത്തിന് മൂന്ന് അടിസ്ഥാന ഘടകങ്ങൾ ഉണ്ട് :

1. സ്വന്തത (Belongingness) നാം ആരുടെ വക?
2. യോഗ്യത (Worthiness) നാം മറ്റുള്ളവരുടെ മുമ്പിൽ എത്രമാത്രം വിലപ്പെട്ടവർ
3. കഴിവ് (Competence) നമുക്ക് എന്തെല്ലാം നൈപുണ്യങ്ങൾ ഉണ്ട്.

ഇവ നേടുവാൻ ധാരാളം കാര്യങ്ങൾ ചെയ്തുകൂട്ടുന്നു - വിശ്വാസികളും അവിശ്വാസികളും ഒരുപോലെ.

കുടുംബം, കൂട്ടുകാർ, പ്രവർത്തനമണ്ഡലം, റോട്ടറി, ലയൺസ് തുടങ്ങിയ ക്ലബ്ബുകൾ, ഇങ്ങേയറ്റം തെരഞ്ഞെടുക്കുന്ന സഭ - ഇവയിലൂടെ നാം ആര് എന്ന് വലിപ്പപ്പെടുത്തി കാണിക്കാൻ ആഗ്രഹിക്കുന്നില്ലേ?

നമ്മുടെ പുറംമോടി വ്യക്തിത്വം, ധരിക്കുന്ന വസ്ത്രങ്ങൾ, പണിയുന്ന കെട്ടിടങ്ങൾ, വാങ്ങിക്കുന്ന കാറുകൾ, സാധനങ്ങൾ ഇവയൊക്കെ നമ്മുടെ യോഗ്യതയെ വർധിപ്പിക്കുന്നതായി നാം ചിന്തിക്കുന്നില്ലേ?

നേടുന്ന വിദ്യാഭ്യാസയോഗ്യതകൾ, കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി, നമ്മുടെ പ്രത്യേക ജോലി, നാം ചെയ്യുന്ന സേവനങ്ങൾ, നമുക്കുള്ളതോ നേടിയെടുക്കുന്നതോ ആയ താലന്തുകൾ, ഇവ നമ്മുടെ കഴിവുകളായി നാം ചിന്തിക്കുന്നില്ലേ?.

ജീവിതത്തിനും പ്രവർത്തനത്തിനും ഉപയോഗപ്പെടുന്നവ നേടിയെടുക്കണം; നമുക്ക് പേരുണ്ടാക്കുന്നതിന് ആയിരിക്കരുത്. കിട്ടുമ്പോൾ അഹങ്കരിക്കരുത്; കിട്ടാത്തപ്പോൾ നിരാശപ്പെടരുത്

ഒരു പിതാവ്, മാതാവ്, സ്നേഹിതൻ, അദ്ധ്യാപകൻ, ആത്മീയ ശുശ്രൂഷകർ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയ നിലകളിൽ ചെയ്യുന്ന ഓരോ പ്രവർത്തിയിൽക്കൂടെയും നാം ചിലവ മറ്റുള്ളവരിൽനിന്ന് നേടുവാൻ ആഗ്രഹിക്കുന്നു; നിഷ്കാമകർമ്മം അല്ല. അതാണ് സ്വാർത്ഥത. മക്കളെ പഠിപ്പിക്കുന്നതുപോലും അവരുടെ നന്മക്ക് എന്നതിനെക്കാൾ നമ്മുടെ പേരിന് വേണ്ടിയല്ലേ? സേവനംചെയ്തിട്ട് അംഗീകാരമോ പ്രശംസയോ കിട്ടാതിരുന്നാൽ നാം നിരാശരല്ലേ? മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്നത് നമ്മുടെ നേട്ടങ്ങൾക്ക് വേണ്ടിയാകുമ്പോൾ അത് സ്വയകേന്ദ്രീകൃതമായ ജീവിതം. സ്വാർത്ഥതയിൽ എപ്പോഴും അപൂർണ്ണതയുണ്ട്; നിരാശയുണ്ട്.

ക്രിസ്തുകേന്ദ്രീകൃത ജീവിതം നയിക്കുന്ന വിശ്വാസി, അവൻ(ൾ) ചെയ്യുന്നതെല്ലാം മറ്റുള്ളവരുടെ നന്മയെ കാംക്ഷിച്ചു മാത്രമായിരിക്കും; സ്വന്ത നേട്ടങ്ങൾ പ്രതീക്ഷിക്കാതെ. അവർ എപ്പോഴും സന്തുഷ്ടരായിരിക്കും. തങ്ങളുടെ ക്രിസ്തുവിലുള്ള

(ശേഷം പേജ് 31 - ൽ)







# ക്രിസ്തീയ ജീവിതവിജയ സംസ്കാരം

ഡോ. നെൽസൺ അബ്രാഹം

ഒരു ക്രിസ്ത്യാനിയുടെ ജീവിതം വെറും മത ജീവിതം അല്ല. അത് ദൈവഹിതപ്രകാരം ജീവിക്കുന്ന ആത്മീയ യാത്രയാണ്. ലോകവിജയത്തെക്കാൾ വിലപ്പെട്ടതാണ് ദൈവസന്നിധിയിൽ വിജയിയായി ജീവിക്കുക എന്നത്. വചനം നമ്മെ പഠിപ്പിക്കുന്നത്, യേശുക്രിസ്തുവിൽ വിശ്വസിച്ച് ആരംഭിക്കുന്ന ജീവിതം വിശുദ്ധിയിലും അനുസരണയിലും സ്നേഹത്തിലും സ്ഥിരതയിലും വളരേണ്ടതാണ് എന്നാണ്. നമ്മുടെ ക്രിസ്തീയജീവിതം വിജയകരമാക്കിത്തീർക്കുവാൻ ചില അടിസ്ഥാന ആത്മീയ ശീലങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്.

**1. ദൈവവചനത്തെ ജീവിതത്തിന്റെ അടിസ്ഥാനമാക്കുക**

ക്രിസ്തീയജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിത്തറ ദൈവവചനമാണ്. ദൈവവചനം നമ്മെ മുൻപോട്ട് നയിക്കുന്ന പ്രകാശമാണ്. സങ്കീർത്തനം 119:105-ൽ കാണുന്ന പ്രകാരം "നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്ക് പ്രകാശവും ആകുന്നു." നാം അനുദിനം വചനം വായിക്കുമ്പോൾ, അത് ധ്യാനിക്കുമ്പോൾ, ജ്ഞാനം നേടുന്നു. പ്രലോഭനങ്ങളെ ജയിക്കുന്നു. ശരിയായ പാത തെരഞ്ഞെടുക്കുന്നു. ദൈവവചനത്തിൽ അടിസ്ഥാനപ്പെടാത്ത ക്രിസ്ത്യാനി ദിശ അറിയാത്ത കപ്പൽപോലെയാണ്

**2. ദൈനംദിന ആത്മീയ അച്ചടക്കം**

നമ്മുടെ ആത്മീയ അച്ചടക്കം (spiritual discipline) പ്രധാനമായും പ്രാർത്ഥന, വചനവായന, ഉപവാസം കൂട്ടായ്മ എന്ന നാല് പ്രവർത്തികളിൽ ആസ്പദമായിരിക്കുന്നു. യോശുവ 1:8 "ഈ ന്യായപ്രമാണപുസ്തകത്തിലുള്ളത് നിന്റെ വായിൽനിന്ന് നീങ്ങിപ്പോകരുത് അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം" വചനം അനുസരിച്ച് ജീവിക്കുവാൻ വചനവായന, പ്രാർത്ഥന, ഉപവാസം, കൂട്ടായ്മ എന്നീ സ്വഭാവഗുണങ്ങൾ നമ്മിൽ ദൈനംദിനം വർദ്ധിച്ചുവരാനായി നമുക്ക് യത്നിക്കാം. പ്രാർത്ഥന ദൈവത്തോടുള്ള ബന്ധത്തിന്റെ ജീവശ്വാസമാണ്. "ഇടവിടാതെ പ്രാർത്ഥിപ്പിൻ" (1 തെസ്സ 5:17). ക്രിസ്തു പല സമയങ്ങളിലും ഏകാന്തതയിൽ പ്രാർത്ഥിച്ചു. അതുകൊണ്ട് നമുക്കും ദൈവസന്നിധിയിൽ സദയം സമർപ്പിക്കാം. വിശ്വാസിയുടെ ആത്മീയവർദ്ധനവിന് കൂട്ടായ്മ (സഭാസമാഗമങ്ങൾ) പ്രധാനമാണ്. ഒറ്റക്ക് ജീവിക്കുന്ന വിശ്വാസം പലപ്പോഴും ക്ഷയിച്ചുപോകുന്നു എബ്രായർ 10:25 ഇപ്രകാരം പഠിപ്പിക്കുന്നു "സ്നേഹത്തിന്നും സൽപ്രവർത്തിക്കും ഉത്സാഹം വർദ്ധിപ്പിക്കാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്ന് കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു" അപ്പൊസ്തലപ്രവർത്തികൾ 2:42 'അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും സ്ഥിരതയുള്ളവരായിരുന്നു 'നാമോ? ചിന്തിക്കാം!

**3. ആത്മനിയന്ത്രണം**

ക്രിസ്ത്യാനി ലോകത്തിൽ ജീവിച്ചാലും ലോകത്തിന്റെ വഴികളിൽ നടക്കരുത്. വിശുദ്ധിയും ആത്മനിയന്ത്രണവും ദൈവത്തിന്റെ വിളിയാണ്. 'നിങ്ങളെ വിളിച്ചവൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും സകല നടപ്പിലും വിശുദ്ധരായിരിപ്പിൻ' (1 പത്രൊസ് 1:15,16) എന്ന് പത്രൊസ്ശ്ലീഹ നമ്മെ ഓർമ്മപ്പെടുത്തുന്നു. പാപത്തോട് കൂട്ടുകൂടുന്ന ജീവിതം ആത്മീയ പരാജയത്തിലേക്ക് നമ്മെ നയിക്കും. വാക്കിലും ചിന്തയിലും പ്രവർത്തിയിലും നാം വിശുദ്ധി പാലിക്കണം. ഇതാണല്ലോ ആത്മനിയന്ത്രണം. റോമർ 12: 2 നമ്മെ പഠിപ്പിക്കുന്നത് "ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ" അന്തരിന്ദ്രിയങ്ങളെ ശോധന

ചെയ്യുന്ന കർത്താവ് നമുക്ക് ആത്മനിയന്ത്രണ ത്തിന് വേണ്ട ശക്തി നൽകട്ടെ. "മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്ത വനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു" എന്ന് വി. പൌലൊസ് (1 കൊരിന്ത്യർ 9:27 ) നമ്മെ ഉദ്ബോധിപ്പിക്കുന്നു

**4. പരാജയങ്ങളെ സ്വീകരിക്കുക**

നാം ജീവിതത്തിൽ നേരിടുന്ന കോട്ടങ്ങൾ പരാജയങ്ങൾ അല്ല എന്നും ദൈവത്തിന്റെ കൃപ നമ്മ ളിലൂടെ നടപ്പാകുവാനുള്ള വഴികളാണ് എന്നും തിരിച്ചറിയണം. പരാജയങ്ങളെ (അപജയങ്ങളെ) ഉൾക്കൊള്ളുന്നത് ദൈവകൃപയും, നമ്മുടെ വിശ്വാസം വളർത്തുവാനുള്ള അവസരങ്ങളുമാണ്. പരാജയങ്ങളെ ക്രിസ്തീയമായി നേരിടുവാൻ ബൈബിൾ നമ്മെ ഏറെ പ്രചോദിപ്പിക്കുന്നു. ജീവിതത്തിൽ പരാജയം രുചിച്ച അനേകരെ ബൈബിളിൽ നമുക്ക് കാണാം. ദാവീദ്, പത്രൊസ്, യോനാ, യിസ്രായേൽമക്കൾ, നോഹ, യാക്കോബ്, യോസേഫിന്റെ സഹോദരങ്ങൾ, കർത്താവിന്റെ ശിഷ്യന്മാർ എന്നിങ്ങനെ പരാജയത്തിന്റെ പരമ്പരതന്നെ നാം വായിക്കുന്നു. എന്നാൽ "അവൻ വീണാലും നിലം പരിചാകയില്ല യഹോവ അവനെ കൈ പിടിച്ച് താങ്ങുന്നു" എന്ന് സങ്കീർത്തനം 37: 24 നമ്മെ പഠിപ്പിക്കുന്നു. അനുതാപത്തോടെ ദൈവത്തോട് അടുത്തുചെല്ലുമ്പോൾ, പാപങ്ങളെ ഏറ്റുപറയുമ്പോൾ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്ക വണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹന്നാൻ 1:9) എന്നത് നമ്മെ ധൈര്യപ്പെടുത്തുന്നു. ജീവിതത്തിൽ പരീക്ഷണങ്ങൾ വരും എന്നാൽ അതിലൂടെ ദൈവം നമ്മെ വളർത്തുന്നു. (യാക്കോബ് 1:12) പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്നും ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു (റോമർ 8:28) എന്നും നാം തിരിച്ചറിയണം. പരീക്ഷയിൽ സ്ഥിരതയാണ് ക്രിസ്തീയ ജീവിതവിജയത്തിന്റെ വഴി

**5. ദൈവ പദ്ധതി തിരിച്ചറിയുക**

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക. അവൻ നിന്റെ പാതകളെ നേരെയാക്കും" (സദൃശവാക്യങ്ങൾ 3:5,6) നൽകുന്ന പ്രബോധനം നമുക്ക് ദൈവപദ്ധതിയിൽ ജീവിക്കുവാനുള്ള ഏകമാർഗ്ഗമാണ്. നമുക്ക് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം. "യഹോവേ നിന്റെ വഴികളെ എന്നെ കാണിക്കേണമേ നിന്റെ പാതകളെ എനിക്ക് ഉപദേശിച്ചുതരേണമേ" (സങ്കീർത്തനം 25:4). ക്രിസ്തുവാകുന്ന രക്ഷിതാവിനെ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് എന്റെ ഇഷ്ടമല്ല അങ്ങയുടെ ഹിതം എന്നിൽ നിറവേറ്റപ്പെടേണം എന്ന് പ്രാർത്ഥിക്കാം. നമ്മെ പൂർണ്ണമായി ക്രിസ്തുസന്നിധിയിൽ സമർപ്പിക്കാം.

**6 .പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ജീവിക്കുക**

ക്രിസ്തീയജീവിതം മനുഷ്യശക്തിയാൽ വിജയിപ്പിക്കാനാവില്ല. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും സഹവാസവും ഇല്ലാത്ത ജീവിതം അന്ധകാരത്തിൽ ആയിരിക്കും. പൌലൊസ് ഗലാത്യ സഭയെ അറിയിച്ചപ്രകാരം "ആത്മാവിനെ അനുസരിച്ചുനടപ്പിൻ എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്ന് ഞാൻ പറയുന്നു" (ഗലാത്യർ 5:16) പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു, മുന്നറിയിപ്പ് നൽകുന്നു, ആത്മീയ ശക്തി നൽകുന്നു. പത്രൊസിന്റെ മാളികയിൽ പരിശുദ്ധാത്മശക്തി ലഭിച്ചപ്പോൾ ഉണ്ടായ അനുഭവം നാം വിസ്മരിക്കരുത്. യോഹന്നാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. "എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലതും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14: 26).

**7. സാക്ഷ്യജീവിതം നയിക്കുക**

ഒരു ക്രിസ്ത്യാനിയുടെ ജീവിതം മറ്റുള്ളവർക്ക് വെളിച്ചം ആകണം. വിശ്വാസം വാക്കുകൾക്കതീതമായി ജീവിതത്തിൽ പ്രകടമാക്കണം. ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നവർ ആകണം. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ ജീവിതത്തിൽ ക്രമമായി പാലിക്കുവാൻ നമുക്ക് കഴിയുന്നതാണ് സാക്ഷ്യജീവിതം. നമ്മുടെ ജീവിതം മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിപ്പിക്കുന്നതാവട്ടെ വെളിപ്പാട് 2:10 പ്രകാരം "മരണപര്യന്തം വിശ്വസ്തനായിരിക്ക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും" എന്ന വാക്കുകൾ നമ്മെ ക്രിസ്തീയ ജീവിതത്തിൽ ജീവകിരീടം പ്രാപിക്കുന്നവരാക്കട്ടെ.

ക്രിസ്തീയജീവിതത്തിന്റെ വിജയം എന്നത് ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതമാണ്. ദൈവവചനത്തെ അടിസ്ഥാനമാക്കി ദൈനംദിന ജീവിതത്തിൽ ആത്മീയ അച്ചടക്കത്തോടെയും ആത്മ നിയന്ത്രണങ്ങളോടെ പരാജയങ്ങളെ ഉൾക്കൊണ്ട് ദൈവപദ്ധതി തിരിച്ചറിഞ്ഞ് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ സാക്ഷ്യജീവിതം നയിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികെച്ചു, വിശ്വാസം കാത്തു" (2 തിമൊഥെയൊസ് 4:7) എന്ന് ഉറപ്പോടെ പറയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നമുക്ക് അനുദിനം നമ്മോട് ചോദിക്കാം-എന്റെ ജീവിതം ദൈവസന്നിധിയിൽ വിജയകരമാണോ? ■■■

വനിതാ വിചാരം





ലീലാമ്മ ഉമ്മൻ

# ശലോമ

വിശുദ്ധ വേദപുസ്തകത്തിൽ മർക്കൊസ് എഴുതിയ സുവിശേഷം 6:19–29 വരെയും, മത്തായി എഴുതിയ സുവിശേഷം 14:3–11 വരെയും ഉള്ള ഭാഗങ്ങളിൽ കാണുന്ന "ഹെരോദ്യയുടെ മകൾ" എന്നറിയപ്പെട്ടിരുന്നവൾ, ഇവളുടെ പേര് വേദഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടില്ല. എന്നാൽ ചരിത്രകാരൻ യോസേഫസ് ആണ് "ശലോമ" എന്ന് എഴുതിയതായി അറിയപ്പെടുന്നു. ഫിലിപ്പോസിന്റെയും ഹെരോദ്യയുടെയും മകളായ ഇവൾ ഹെരോദാരാജാവിന്റെ പിറന്നാൾവിരുന്നിൽ നൃത്തം ചെയ്ത് രാജാവിനെ സന്തോഷിപ്പിച്ചു. ഇതിൽ സന്തുഷ്ടനായ രാജാവ് അവൾക്ക് മനസ്സുള്ളത് എന്തു ചോദിച്ചാലും കൊടുക്കാമെന്ന് സമ്മതിച്ചു. അമ്മയോട് ആലോചന ചോദിച്ച അവളോട് "യോഹന്നാൻ സ്നാപകന്റെ തല" ഒരു തളികയിൽ തരേണം എന്ന് പറയുവാൻ ആവശ്യപ്പെട്ടു. ഇത് യോഹന്നാനോടുള്ള പക വെച്ച് അവനെ കൊല്ലുവാൻ ഇച്ഛിച്ചതുകൊണ്ടാണ്. കാരണം രാജാവ് തന്റെ സഹോദരഭാര്യയായ ഹെരോദ്യയെ പരിഗ്രഹിച്ച വിവരം അറിഞ്ഞ യോഹന്നാൻ 'സഹോദരഭാര്യയെ പരിഗ്രഹിക്കുന്നത് വിഹിതമല്ല' എന്ന് രാജാവിനോട് പറഞ്ഞിരുന്നു. ഇതുമൂലം ഹെരോദ്യക്ക് അവനോട് പകയായി. കിട്ടിയ അവസരം അവൾ പാഴാക്കിയില്ല. ബാല തന്റെ ആഗ്രഹം രാജാവിനെ അറിയിച്ചു. ഹെരോദ്യയുടെ മകളുടെ ആഗ്രഹം അറിഞ്ഞ രാജാവ് അതിദുഃഖിതനായി. കാരണം യോഹന്നാൻ നീതിയും വിശുദ്ധിയും ഉള്ള പുരുഷൻ എന്നറിഞ്ഞ് രാജാവ് അവനെ ഭയപ്പെടുകയും കാത്തുകൊൾകയും ചെയ്തിരുന്നു. എന്നാൽ താൻ ചെയ്ത സത്യത്തെയും വിരുന്നുകാരെയും ഓർത്ത് അവളോട് മറുത്ത്പറയുവാൻ സാധിച്ചില്ല. അങ്ങിനെ വാക്കു നിറവേറ്റപ്പെട്ടു. യോഹന്നാൻ കാരാഗൃഹത്തിൽ ശിരഃച്ഛേദം ചെയ്യപ്പെട്ടു.

വീണ്ടും നാം കാണുന്നത് യേശുവിന്റെ ശിഷ്യയും സാക്ഷിയുമായ 'ശലോമ'യെയാണ്. വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 27:56, മർക്കൊസ് 15:40–41 ഭാഗങ്ങളിൽ ഈ ശലോമയെ കാണാം. "സെബെദിപുത്രന്മാരുടെ അമ്മ" എന്ന് ഈ ശലോമ അറിയപ്പെട്ടിരുന്നു. സെബെദിയുടെ ഭാര്യയും യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയുമായ ശലോമ. ഇവൾ യേശുകർത്താവിന്റെ ശുശ്രൂഷാകാലഘട്ടങ്ങളിൽ ഗലീല മുതൽ കാൽവരി വരെയുള്ള യാത്രയിൽ തന്റെ ദൗത്യം വളരെ കൃത്യനിഷ്ഠയോടുകൂടി നിർവ്വഹിച്ച ഒരു ശ്രേഷ്ഠ വനിതയായിരുന്നു. ശലോമയെക്കുറിച്ച് ഇവൾ കന്യകമറിയാമിന്റെ സഹോദരി ആയിരിക്കാം എന്നും ഇവൾ യേശുവിന്റെ ശുശ്രൂഷക്ക് സ്വന്ത സമ്പാദ്യം ചിലവഴിച്ചിരുന്ന ധനികയായ ഒരു സ്ത്രീയായിരുന്നു എന്നും ചരിത്രത്തിൽ കാണുന്നു. പെന്തക്കൊസ്തുനാളിൽ 120 പേരുടെ കൂട്ടത്തിൽ ശലോമയും ഉണ്ടായിരുന്നു എന്ന് പാരമ്പര്യം പറയുന്നു. യേശുവിന്റെ ക്രൂശാരോഹണസമയത്ത് ദൂരത്ത്നിന്ന് നോക്കിക്കൊണ്ടിരുന്ന സ്ത്രീകളിൽ ശലോമയും ഉണ്ടായിരുന്നതായി കാണാം (മർക്കൊസ് 15:40). അതുപോലെ കർത്താവിന്റെ ഉയിർപ്പു ദിവസം മഗ്ദലനമറിയ, യാക്കോബിന്റെ അമ്മ

മറിയ എന്നിവരോടൊപ്പം സുഗന്ധവർഗ്ഗം വാങ്ങി കല്ലറക്കൽ പോയവരുടെ കൂടെ ശലോമയും ഉണ്ടായിരുന്നതായി കാണാം.

സെബെദിപുത്രന്മാരുടെ അമ്മയായ ശലോമ തന്റെ മക്കളെ കർത്താവിന്റെ വേലക്കുവേണ്ടി സജ്ജരാക്കിയെടുക്കുവാൻ വളരെ ഉത്സാഹിച്ച വൾ ആണ്. യേശുവിന്റെ ശുശ്രൂഷയിൽ അവനോടൊപ്പം അവർ അഹോരാത്രം പ്രവർത്തിക്കുന്നത് അവരുടെ അമ്മയായ ശലോമക്ക് വളരെ സന്തോഷകരമായിരുന്നു. എന്നാൽ അതോടൊപ്പം തന്റെ മക്കൾക്ക് ചില സ്ഥാനമാനങ്ങളും ലഭിക്കണമെന്നുള്ള ഒരാഗ്രഹം അവളുടെ മനസ്സിൽ ഉണ്ടായിരുന്നു. ഈ ആഗ്രഹവുമായി അവൾ തന്റെ പുത്രന്മാരുമായി യേശുവിനെ സമീപിച്ച് അവനെ നമസ്കരിച്ച് അവനോട് ആഗ്രഹം അറിയിച്ചു. "ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ എന്ന് പറഞ്ഞു." അതിന് ഉത്തരമായി യേശു, "നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ." എന്നു ചോദിച്ചു. "കഴിയും" എന്ന് അവർ പറഞ്ഞു. അവൻ അവരോട് "എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം; എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല; എന്റെ പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്ക് കിട്ടും എന്ന് പറഞ്ഞു (മത്താ. 20:21-23).

യേശുവിന്റെ ചോദ്യത്തിന് ഉത്തരമായി 'കഴിയും' എന്നു ഉത്തരം നൽകിയതിൽനിന്ന് ദൈവരാജ്യത്തെക്കുറിച്ചുള്ള ഒരു തിരിച്ചറിവ് അവർക്കുണ്ടായിരുന്നു എന്ന് കരുതാം. ക്രിസ്തീയ പൂർണ്ണത പീഡാനുഭവത്തിന്റെ കാസാ പാനംചെയ്യുന്നതിലൂടെ മാത്രമേ കൈവരിക്കുകയുള്ളൂ. ഉപവാസവും പ്രാർത്ഥനയും മാത്രമാണെന്നാണോ ദൈവരാജ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ? സ്വർഗ്ഗീയ പിതാവിന്റെ ഹിതമാണ് ജീവിതാനുഭവങ്ങൾ എന്ന് നാം മനസ്സിലാക്കണം.

ഈ ലോകത്തിൽ കർതൃത്വവും അധികാരവും ഉള്ളവർ മഹാന്മാരായ സ്ത്രീപുരുഷന്മാർ എന്ന് പരിഗണിക്കപ്പെടുന്നു. എന്നാൽ ദൈവരാജ്യത്തിൽ മറ്റുള്ളവരുടെമേലുള്ള കർതൃത്വമല്ല മഹത്വമായി കരുതപ്പെടുന്നത്. ക്രിസ്തു വചനത്തിൽ നൽകിയിരിക്കുന്ന വെളിപ്പാടനുസരിച്ച് മറ്റുള്ളവർക്ക് നൽകുന്ന സേവനമനുസരിച്ചാണെന്ന് കാണാം. ഒരു ദൈവപൈതൽ തന്റെ കർതൃത്വമോ ഭരണമോ സ്ഥാപിക്കുവാൻ ഉന്നതത്തിലെത്തുവാൻ ശ്രമിക്കരുത്. മറ്റുള്ളവരെ സഹായിക്കുന്നതിനും ആത്മീയ നന്മകൾക്കായി അദ്ധ്വാനിക്കുന്നതിനും സ്വന്തം ജീവിതം വിട്ടുകൊടുക്കണം. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും 'അനേകർക്കു വേണ്ടി' തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതു പോലെ തന്നേ" എന്നത്രേ എഴുതിയിരിക്കുന്നത് (മത്താ. 20:28). മറ്റുള്ളവർക്കുള്ള സ്വാതന്ത്ര്യം നേടുന്നതിന് കൊടുക്കുന്നതാണ്. 'മറുവില' അഥവാ മോചനദ്രവ്യം ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ വേലയിൽ, പാപത്തിന്റെ ആധിപത്യത്തിൽ നിന്നും സ്ത്രീ-പുരുഷന്മാരെ വിടുവിക്കുന്നതിന് കൊടുത്ത 'മറുവില' ക്രിസ്തുവിന്റെ മരണം തന്നേ ആയിരുന്നു. പാപത്തിൽനിന്നും ന്യായവിധിയിൽ നിന്നും മരണത്തിൽനിന്നും നാം വിടുവിക്കപ്പെട്ടു. 'അനേകർക്കുവേണ്ടി' എന്നത് "സകല മനുഷ്യർക്കും വേണ്ടി' എന്ന അർത്ഥത്തിലാണ് എഴുതപ്പെട്ടത്. "ദൈവം ഒരുവനല്ലോ; ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി" മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ" (1 തിമൊ. 2:5,6). ശരിയായ മഹത്വം, നേതൃത്വം അധികാരം വ്യക്തിപരമായ ഉന്നതനേട്ടം എന്നിവയല്ല ദൈവത്തിനും മറ്റുള്ളവർക്കും വേണ്ടി ജീവിക്കുവാൻ പരമാർത്ഥമായി കാംക്ഷിക്കുന്ന ഒരു ഹൃദയത്തിന്റെ മനോഭാവമാണത്; മഹത്വം, സ്ഥാനം ഭൗതിക പ്രതിഫലങ്ങൾ എന്നിവ ആഗ്രഹിക്കാതെ ഭൂമിയിൽ ദൈവത്തിന്റെ ഹിതം ഉദ്ദേശ്യം എന്നിവയോട് ഏകീഭവിക്കത്തക്കവണ്ണം നമുക്ക് ദൈവത്തോട് ഒരു പ്രതിബദ്ധത ഉണ്ടായിരിക്കണം. ദൈവഹിതം പൂർത്തീകരിക്കുക, മറ്റുള്ളവരെ ക്രിസ്തുവിന്റെ രക്ഷയിലേക്ക് കൊണ്ടുവരിക, അവനെ പ്രസാദിപ്പിക്കുക എന്നിവയാണ് യഥാർത്ഥ മഹാന്മാർക്കുള്ള ഉത്തരവാദിത്വങ്ങൾ.

നമ്മൾ കണ്ട രണ്ടു ശലോമമാരെയും ഒരു താരതമ്യം നടത്തിയാൽ, ഹെരോദ്യയുടെ മകൾ ശലോമ ലോകത്തിന്റെ വഴി തെരഞ്ഞെടുത്ത് രാജാവിന്റെ കൊട്ടാരത്തിൽ നൃത്തംചെയ്ത് മരണം വരുത്തി യോഹന്നാന്റെ തല ചോദിച്ചുവാങ്ങി. ഒരു നീതിമാന്റെ രക്തത്തിന് ഉത്തരവാദിയായവൾ എന്ന് കാണാം. എന്നാൽ സെബെദിപുത്രന്മാരുടെ അമ്മ ശലോമ ക്രിസ്തുവിന്റെ വഴി തെരഞ്ഞെടുത്തു. ലോകം അറിയാതെ യേശുവിനെ സേവിച്ചു തന്റെ മക്കൾക്കുവേണ്ടി കർത്താവിനോട്, അപേക്ഷിച്ചു പ്രാർത്ഥിക്കുകയും ചെയ്ത്, കുരിശും കല്ലറയും വരെ യേശുവിനോട് കൂടെനിന്ന് യേശുവിന്റെ ഉയിർപ്പ് ആദ്യം അറിയാൻ ഇടയായവൾ എന്ന് കാണാം. ഈ ശലോമ വിശ്വസ്തയായി ജീവിച്ചു മരിച്ചു എന്നല്ലാതെ എവിടെ മരിച്ചു എന്ന് രേഖകൾ ഒന്നുമില്ല.

ആകയാൽ പ്രിയമുള്ളവരേ, ആ സെബെദിപുത്രന്മാരുടെ അമ്മ ശലോമയെപ്പോലെ ക്രിസ്തുവിന്റെ വഴി തെരഞ്ഞെടുത്ത് വിശ്വസ്തരായി ജീവിച്ച് കർത്താവിന്റെ വേലയിൽ ഉറ്റിരിപ്പാൻ ദൈവം നമ്മെയും സഹായിക്കട്ടെ.!

(തുടരും)

■■■

യൂത്ത് കോർണർ





Rev. ബേസിൽ ജോർജ്

# ജോലിയിൽ ദൈവഹിതം (തുടർച്ച)

## പരോക്ഷമായ ദൈവത്തിന്റെ വിളി

**ദൈ**വം മനുഷ്യനെ രണ്ട് നിലകളിൽ വിളിക്കുന്നു എന്ന് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചു. അതിൽ ഒന്നാമത്തേത് നേരിട്ടുള്ള വിളിയാണ്. നാം ഏതു മേഖലയിൽ ജോലിചെയ്യണമെന്ന് ദൈവം നമ്മോട് വ്യക്തിപരമായി സംസാരിക്കും.

രണ്ടാമത്തെ വിളി, പരോക്ഷമായ വിളിയാണ്. ഇത് അർത്ഥമാക്കുന്നത് ഒരു ജോലിയെക്കുറിച്ച് നേരിട്ട് സംസാരിക്കുന്നതിന് പകരം നാം ഏറ്റെടുക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ചോ ശുശ്രൂഷയെക്കുറിച്ചോ പരോക്ഷമായി ദൈവം നമ്മോട് ഇടപെടുന്നതാണ്.

ദൈവം യെശയ്യാവിനോട് സംസാരിച്ചു. അവനോട് നേരിട്ട് എന്റെ വേലക്കുവേണ്ടി പോകണം എന്ന് പറഞ്ഞില്ല. നേരെമറിച്ച് ദൈവത്തിന്റെ മഹത്വവും ജനത്തിന്റെ അവസ്ഥയും ചൂണ്ടിക്കാണിച്ചിട്ട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്, "ആർ നമുക്കുവേണ്ടി പോകും"?. അവിടെ യെശയ്യാവ് നേരിട്ട് അതിനോട് പ്രതികരിച്ചു. യെരുശലേമിന്റെ മതിലുകൾ തകർന്നുകിടക്കുന്നത് നെഹെമ്യാവ് അറിഞ്ഞു. ആ സമയത്തിന്റെ ആവശ്യകത നെഹെമ്യാവ് തിരിച്ചറിഞ്ഞു. ദൈവം അവനോട് നേരിട്ട് സംസാരിച്ചില്ലെങ്കിൽപ്പോലും ഇത് തന്റെ ഉത്തരവാദിത്വം ആണെന്ന് തിരിച്ചറിഞ്ഞ നെഹെമ്യാവ് തകർന്നുകിടക്കുന്ന മതിലുകൾ പണിയുവാൻ യെരുശലേമിലേക്ക് പോയി. ഭാരതത്തിൽ സുവിശേഷം അറിയാത്ത കോടിക്കണക്കിന് ആളുകൾ അവശേഷിക്കുമ്പോൾ അവരോട് സുവിശേഷം അറിയിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു എന്ന് ഒരു ദൈവപൈതലിന് തിരിച്ചറിയുവാൻ കഴിയും. ആ വിഷയത്തെക്കുറിച്ച് ഹൃദയത്തിൽ വലിയ ഭാരം അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് നമുക്കുള്ള വിളിയാണ്.

പരോക്ഷമായ ദൈവത്തിന്റെ വിളിയെ തിരിച്ചറിയുവാനുള്ള ഒരു മാർഗ്ഗമാണ് SHAPE calling. ദൈവം നമ്മെ സൃഷ്ടിച്ചത് ദൈവത്തെ ശുശ്രൂഷിക്കുവാൻ തക്കവണ്ണം ആണ്. യെശയ്യാവ് 43:21-ൽ 'ഞാൻ എനിക്കുവേണ്ടി നിർമ്മിച്ചിരിക്കുന്ന ജനം' എന്ന് വായിക്കുന്നുണ്ട്. ദൈവം ഭൂമിയിൽ ഓരോ ജീവജാലങ്ങളെയും സൃഷ്ടിച്ചത് വ്യത്യസ്തമായ സവിശേഷതകളോടെയാണ്. ചില ജീവജാലങ്ങൾക്ക് പറക്കുവാൻ കഴിവുള്ളപ്പോൾ മറ്റു ചിലതിന് ഇഴയുവാൻ ആണ് കഴിവ്. ചില ജീവജാലങ്ങൾ രണ്ട്കാലിൽ നടക്കുകയും ഓടുകയും ചെയ്യുമ്പോൾ മറ്റു ചിലത് നാലുകാലിൽ ഓടുന്നു. പിന്നെയും വേറെ ചിലത് വെള്ളത്തിൽ നീന്തുന്നു. ഇതുപോലെതന്നെ നമ്മെ ഓരോരുത്തരെയും ദൈവം വ്യത്യസ്തമായി ചമച്ചു. അത് നാം ഓരോരുത്തരും ദൈവത്തെ വ്യത്യസ്തമായ തലങ്ങളിൽ സേവിക്കുവാൻ വേണ്ടിയാണ്. 139-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ ദൈവം നമ്മെ 'ഭയങ്കരവും അതിശയകരവും' ആയിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ലോകത്തുള്ള സകല മനുഷ്യരുടെയും DNA വ്യത്യസ്തമാണ്. ആ വ്യത്യസ്തത തിരിച്ചറിയുമ്പോൾ നാം ജീവിതത്തിൽ ഏതു മേഖല തിരഞ്ഞെടുക്കണം എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

SHAPE calling ൽ S എന്ന അക്ഷരം Skills and Spiritual gifts നെ സൂചിപ്പിക്കുന്നു. നാം ആർജ്ജിച്ചെടുത്ത കഴിവുകൾ (Skills) ഉണ്ട്. അതു നമ്മുടെ നിതാന്ത പരിശ്രമത്തിന്റെയും അധ്വാനത്തിന്റെയും ഫലമായി നമുക്ക് ഉണ്ടായിവന്ന കഴിവുകളും പ്രാപ്തിയും ആണ്. ചിലർക്ക് അത് സാങ്കേതികമായ (technical) കഴിവുകൾ ആയിരിക്കാം. വേറെ ചിലർക്ക് ബൗദ്ധികമായ (ideas) കഴിവുകൾ ആയിരിക്കാം. അതും അല്ലെങ്കിൽ ചിലർക്ക് മനുഷ്യരെ നന്നായി കൈകാര്യം ചെയ്യുവാനുള്ള (interper- sonal ) കഴിവുകൾ ആയിരിക്കാം.

അതുപോലെതന്നെ ദൈവം നമുക്ക് നൽകിയ പ്രത്യേകമായ കൃപാവരങ്ങൾ നമ്മുടെ ശുശ്രൂഷയിലേക്കുള്ള ചൂണ്ടുപലകയാണ്. നമുക്ക് ദൈവം നൽകിയ കൃപാവരത്തിനൊത്തവണ്ണം നാം ശുശ്രൂഷ ചെയ്യണം. ഇവിടെ നാം ഓർത്തിരിക്കേണ്ട പ്രധാനപ്പെട്ട ചില കാര്യങ്ങൾ:

1. ഒരു വിശ്വാസിക്ക് മാത്രമേ കൃപാവരങ്ങൾ ലഭിക്കുകയുള്ളൂ.
2. ഈ കൃപാവരങ്ങൾ നമുക്ക് സ്വന്തം പരിശ്രമത്താൽ നേടിയെടുക്കാൻ കഴിയുന്നതല്ല.
3. നമുക്ക് ലഭിക്കേണ്ട കൃപാവരങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിക്കുന്നത് നാമല്ല പരിശുദ്ധാത്മാവാണ്.
4. നമുക്ക് ലഭിച്ച കൃപാവരങ്ങളെ ജ്വലിപ്പിക്കുക എന്നുള്ളത് നമ്മുടെ ഉത്തരവാദിത്വമാണ്.
5. നമുക്ക് ലഭിച്ച കൃപാവരങ്ങളെ പാഴാക്കിക്കളയുന്നത് പാപമാണ്.
6. നമുക്ക് ലഭിച്ച കൃപാവരങ്ങളെ നാം ഉപയോഗിക്കുമ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുകയും നമ്മുടെ ശുശ്രൂഷ വിശാലമാവുകയും ചെയ്യും.

റോമർ 12:6-8, 1 കൊരിന്ത്യർ 12:28-31, എഫെസ്യർ 4:11 എന്നീ വേദഭാഗങ്ങളിൽ അപ്പൊസ്തലന്മാർ, പ്രവചനം, ശുശ്രൂഷ, ഉപദേശം, പ്രബോധനം, ദാനം, ഭരണം, കരുണ, വീര്യപ്രവർത്തികൾ ചെയ്യുന്നവർ, രോഗശാന്തികളുടെ വരം, പരിപാലന വരം എന്നു തുടങ്ങി അനേകം കൃപാവരങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നമുക്കുള്ള കൃപാവരം ഏതാണെന്ന് തിരിച്ചറിയുകയും ഉപയോഗിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

SHAPE calling-ൽ രണ്ടാമത്തെ അക്ഷരമായ H സൂചിപ്പിക്കുന്നത് ഹൃദയത്തെയാണ് (HEART). ഹൃദയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ പാഷനാണ് (passion). അതിന് ശരിയായ മലയാള പദം അഭിനിവേശം എന്നാണ്. ഏത് ജോലി ചെയ്യുമ്പോഴാണ് നമുക്ക് വലിയ സന്തോഷം ഉണ്ടാകുന്നത്, ആരുടെയും പ്രേരണയോ പ്രതിഫലമോ നോക്കാതെ എന്ത് ചെയ്യാനാണ് നമുക്ക് ഇഷ്ടം എന്ന് പരിശോധിച്ചാൽ നമ്മുടെ അഭിനിവേശം മനസ്സിലാക്കുവാൻ കഴിയും.

നമ്മുടെ പാഷനെ മനസ്സിലാക്കുവാൻ മൂന്ന് സൂചനകൾ ഉണ്ട്. അതിൽ ഒന്നാമത്തെ സൂചന ഏതുതരത്തിലുള്ള ഉത്തരവാദിത്വം (role) നിർവ്വഹിക്കാനാണ് നമുക്ക് ഇഷ്ടമെന്ന് നോക്കിയാൽ മതി. ഉദാഹരണത്തിന് ചിലർ നല്ല ഓർഗനൈസർമാർ ആയിരിക്കും, വേറെ ചിലർ നന്നായി ഡിസൈൻ ചെയ്യുന്നവരായിരിക്കും, വേറെ ചിലർ റിപ്പയറിങ് ചെയ്യുന്നവർ ആയിരിക്കും. ചിലർ തുടക്കംകുറിക്കാൻ കഴിവുള്ളവർ ആയിരിക്കും. രണ്ടാമത്തെ സൂചന നമുക്ക് ഏത് തരത്തിൽപ്പെട്ട ആളുകളുടെ (people) ഇടയിൽ പ്രവർത്തിക്കാനാണ് ഇഷ്ടം എന്ന് നോക്കിയാൽ മതി. ഉദാഹരണത്തിന് ചിലർക്ക് കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കാനാണ് ഇഷ്ടം വേറെ ചിലർക്ക് യുവാക്കളുടെ ഇടയിൽ മറ്റുചിലർക്ക് വിവാഹിതരുടെ ഇടയിൽ വേറെ ചിലർക്ക് പ്രായമായവരുടെ ഇടയിൽ. കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുവാൻ ഇഷ്ടമുള്ളവർക്ക് ചെറിയ സ്കൂളുകളിലെ ടീച്ചേഴ്സ് ആയി പ്രവർത്തിക്കുവാൻ കഴിയും. വിവാഹിതരുടെ ഇടയിൽ പ്രവർത്തിക്കാൻ താത്പര്യം ഉള്ളവർക്ക് വിവാഹബന്ധങ്ങളിൽ ഇടപെടുന്ന കൗൺസിലറായി പ്രവർത്തിക്കാൻ കഴിയും. മൂന്നാമത്തെ സൂചന നമ്മുടെ പ്രവർത്തനംകൊണ്ട് സമൂഹത്തിൽ എന്ത് മാറ്റമാണ് (cause) കാണാൻ ആഗ്രഹിക്കുന്നത് എന്നുള്ളതാണ്. ഉദാഹരണത്തിന് ചിലർക്ക് വിദ്യാഭ്യാസമേഖലയിൽ മാറ്റം കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നവർ ഉണ്ടാകാം, വേറെ ചിലർക്ക് അംഗപരിമിതരുടെ ഇടയിൽ കൂടുതൽ പരിശീലനം നൽകണമെന്ന് താത്പര്യമാകാം, വേറെ ചിലർക്ക് അനാഥന്മാരെ ശുശ്രൂഷിക്കുവാൻ ആകാം.

പക്ഷേ ഇവിടത്തെ ഒരു പ്രശ്നം, പാഷന്റെ പുറകെ പോകുമ്പോൾ നമ്മുടെ കുടുംബത്തെ നോക്കുവാനും ജീവിക്കുവാനും ആവശ്യമായ പണം സമ്പാദിക്കുവാനും നമുക്ക് കഴിയേണ്ടത് ആവശ്യമാണ്.

SHAPE calling ൽ A എന്ന അക്ഷരം നമ്മുടെ ജന്മനാ ഉള്ള കഴിവുകളെയാണ് (abilities) സൂചിപ്പിക്കുന്നത്. നമ്മുടെ കഴിവുകൾ എല്ലാം ദൈവത്തിന്റെ ദാനമാണ്. ആ കഴിവുകൾ ഉപയോഗിച്ച് നാം ചെയ്യുന്ന കാര്യങ്ങൾ നാം ദൈവത്തിനു നൽകുന്ന സമ്മാനങ്ങളാണ്. പഠിച്ചിട്ടുള്ളവർ പറയുന്നത് ഓരോ വ്യക്തികൾക്കും കുറഞ്ഞത് 500 മുതൽ 700 വരെ കഴിവുകൾ ഉണ്ട് എന്നാണ്. ചിലർക്ക് പഠിപ്പിക്കുവാനുള്ള കഴിവുകൾ ഉണ്ട്. പ്രത്യേകമായ ചില കാര്യങ്ങൾ വിശദമാക്കിക്കൊടുക്കുവാനും പരിശീലിപ്പിക്കുവാനും വരച്ചുകാണിക്കുവാനും ഒക്കെ അവർ അസാധാരണമായ കഴി

(ശേഷം പേജ് 28 - ൽ)



ടീച്ചർ



ശോശാമ്മ സാബു

# സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ

**ഒ**രു ഗ്രാമത്തിൽ അപ്പു, വിനു എന്ന രണ്ട് നല്ല സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഒരുദിവസം അടുത്ത ഗ്രാമത്തിലെ അവരുടെ സുഹൃത്തായ മനുവിന്റെ വീട്ടിലേക്ക് പോകുവാൻ തീരുമാനിച്ചു. നടന്ന് നടന്ന് ഒരു ചെറിയ മരപ്പാലത്തിനടുത്തെത്തി. ഈ മരപ്പാലത്തിലൂടെ നടന്നുവേണം അടുത്ത ഗ്രാമത്തിലെത്താൻ. ആരാണ് ആദ്യം കടക്കേണ്ടത് എന്ന കാര്യത്തിൽ അവർ തമ്മിൽ വഴക്കായി. വഴക്ക് വലുതായി. ഉച്ചത്തിൽ രണ്ടുപേരും സംസാരിച്ചു. ഈ ശബ്ദകോലാഹലങ്ങൾ കേട്ട് മനു ഓടിവന്നു. മനു പറഞ്ഞു "നിങ്ങൾ സുഹൃത്തുക്കളല്ലേ? ഒരു ചെറിയ കാര്യത്തിന് ഇങ്ങനെ വഴക്കടിക്കേണ്ടതുണ്ടോ? അപ്പു, നീ ആദ്യം പോകൂ എന്ന് പറയൂ. വിനു നീയും കൂട്ടുകാരനോട് ക്ഷമ ചോദിക്കൂ" ആദ്യം അവർക്ക് മടിയായിരുന്നു. പക്ഷേ പിന്നീട് ഇരുവരും പരസ്പരം 'ക്ഷമിക്കണം' എന്നു പറഞ്ഞു. അവർ വീണ്ടും സന്തോഷത്തോടെ ഓരോരുത്തരായി പാലം കടന്ന് മനുവിനോടൊപ്പം നടന്നു. ഇതെല്ലാം കണ്ടുകൊണ്ട് അല്പം ദൂരെ ഒരു അപ്പച്ചൻ നിൽപ്പുണ്ടായിരുന്നു. അപ്പച്ചൻ പറഞ്ഞു. "ഇന്ന് നിങ്ങളെ വീണ്ടും സുഹൃത്തുക്കളാക്കിയത് മനുവാണ്. അവൻസമാധാനം ഉണ്ടാക്കി. യഥാർത്ഥസമാധാനദൂതൻ അങ്ങനെയായിരിക്കും." അപ്പോൾ മനു പറഞ്ഞു. യേശു പറഞ്ഞിട്ടുണ്ട്. 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.' അതുകൊണ്ടാണ് ഞാൻ നിങ്ങളെ വീണ്ടും കൂട്ടിച്ചേർത്തത്. കുഞ്ഞുങ്ങളെ ഇതിൽനിന്ന് നാം എന്തു മനസ്സിലാക്കി.? വഴക്കിടുന്നവരെ കൂടുതൽ വഴക്കിടാൻ പ്രേരിപ്പിക്കരുത്. പിന്നെയോ 'ക്ഷമിക്കണം.' എന്ന വാക്ക് പറയാൻ ധൈര്യം കാണിക്കണം. വീട്ടിലും, സ്കൂളിലും കളിസ്ഥലത്തും സമാധാനം ഉണ്ടാക്കുന്നവരാകുമ്പോൾ നാം ദൈവത്തിന്റെ മക്കളാകും. ആ കൂട്ടുകാർ പരസ്പരം സംസാരിച്ച് മനുവിന്റെ വീട്ടിലെത്തി. വിവരമെല്ലാം അമ്മയോട് പറഞ്ഞു. അമ്മ ഒന്നും മിണ്ടാതെ രണ്ടു മെഴുകുതിരി കൊണ്ടുവന്നു. ഒന്ന് കത്തിച്ചു. എന്നിട്ട് ചോദിച്ചു. ഈ മെഴുകുതിരിയിൽ നിന്ന് അടുത്തത് കത്തിച്ചാൽ ആദ്യത്തെ മെഴുകുതിരിയുടെ വെളിച്ചം തീരുമോ? 'ഇല്ല' എന്നു കുട്ടികൾ പറഞ്ഞു. അമ്മ പറഞ്ഞു. 'സ്നേഹവും സമാധാനവും ഇതുപോലെയാണ് നിങ്ങൾ ഒരാൾ മറ്റൊരാളോട് ക്ഷമിച്ചാൽ നിങ്ങളുടെ സ്നേഹം കുറയില്ല. മറിച്ച് ഇരുവരുടേയും ഹൃദയത്തിൽ വെളിച്ചം കൂടും.' അമ്മ അവർക്ക് മത്തായി 5:9 – ാം വാക്യം വായിച്ചുകേൾപ്പിച്ചു. കൂട്ടുകാരെ നിങ്ങൾ ബൈബിൾ തുറന്ന് ഈ വാക്യമൊന്ന് വായിക്കാമോ? ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

# 2026 ആഗസ്റ്റ്

**MORNING FELLOWSHIP എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻ സെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.08.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 05.08.2026 | ബുധൻ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | വലമ്പൂർ (ഓലിക്കൽ ശ്രീ. പി. കുര്യാക്കോസിന്റെ ഭവനം) |
| 06.08.2026 | വ്യാഴം | 7 pm - 9 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 08.08.2026 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ്ബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| 15.08.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| 16.08.2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | പ്രളയക്കാട് (ചേനാട്ടേൽ ശ്രീ. ഷാജൻ തോമസിന്റെ ഭവനം) |
| 22.08.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| 23.08.2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | പുതുപ്പനം (തെക്കേതൊട്ടിയിൽ ശ്രീ. ടി. വി. കുര്യാക്കോസിന്റെ ഭവനം |
| 27.08.2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി.വി. ജോസഫിന്റെ ഭവനം) |
| 28.08.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | വായ്ക്കര (വൈശ്യംപറമ്പിൽ ശ്രീ. ടോണി തമ്പിയുടെ ഭവനം) |
| 29.08.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | നോർത്ത് പറവൂർ (വട്ടപ്പറമ്പത്ത് ശ്രീ. റെജി ജോണിന്റെ ഭവനം) |

# ജാർഖണ്ഡിൽ ഒരു ആരാധനാലയം



ബ്രാ. പ്രേംചന്ദ് മുണ്ട കുടുംബം



ബ്രാ. സോമനാഥ് കർമ്മാകർ കുടുംബം



ബ്രാ. വിജയ് കച്ചാപ് കുടുംബം







ഡയറക്ടറുടെ നേതൃത്വത്തിൽ ജൂലൈമാസം അവസാനം ജാർഖണ്ഡ് ഫീൽഡു സന്ദർശിക്കുവാൻ എനിക്കും അവസരം ലഭിച്ചു. മുണ്ട, സന്താളി എന്നീ ആദിവാസിവിഭാഗങ്ങൾക്കിടയിൽ നമ്മുടെ പ്രവർത്തനങ്ങൾ നടക്കുന്നു. പരിമിതമായ സൗകര്യത്തിൽ ദൈവത്തെ ആരാധിപ്പാനുള്ള ആർത്തിയോടെ കടന്നുവരുന്ന ജനത്തെ കണ്ട് ദൈവത്തെ സ്തോത്രം ചെയ്തു. എന്നാൽ അവർക്കു കൂടിവരുവാൻ ഒരു ആരാധനാലയം ഇല്ല എന്നത് മനസ്സിനെ വേദനിപ്പിച്ചു. ആദിവാസി ഭവനങ്ങൾ സന്ദർശിച്ചപ്പോൾ ദരിദ്രമായ സാഹചര്യത്തിലുള്ള അവരുടെ ആഴമായ വിശ്വാസം എന്നെ അത്ഭുതപ്പെടുത്തി.

മിഷനറിയായ പ്രേംചന്ദ് മുണ്ട, ഇവാഞ്ചലിസ്റ്റുമാരായ സോമനാഥ് കർമ്മാകർ, വിജയ് കച്ചാപ് എന്നീ സുവിശേഷകർ ചേർന്ന് ജാർഖണ്ഡിലെ റ്റാറ്റാനഗറിലുള്ള നമ്മുടെ മിഷൻഫീൽഡിൽ ശുശ്രൂഷ ചെയ്തുവരുന്നു, ദൈവകൃപയാൽ അവിടെ അനേകർ കർത്താവിനെ അറിയുവാൻ ഇടയായിട്ടുണ്ട്. എന്നാൽ അവിടുത്തെ വിശ്വാസികൾക്ക് ഒരുമിച്ചുകൂടി ആരാധന നടത്തുവാൻ സ്വന്തമായി ഒരു ആരാധനാലയം ഇല്ല. അതിനാൽ ഒരു സ്ഥലം വാങ്ങി ആരാധനാലയം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമായ ആവശ്യമായി മാറിയിരിക്കുന്നു. ഈ മഹത്തായ ദൗത്യത്തിൽ പങ്കാളികളാകുവാൻ ദൈവമക്കളായ നിങ്ങളെയെല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. സ്ഥലംവാങ്ങലിനും ആരാധനാലയ നിർമ്മാണത്തിനുമായി നിങ്ങളുടെ പ്രാർത്ഥനകളും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു.



പി.വി. ജോസഫ്
(ജനറൽ സെക്രട്ടറി)

"യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു;" (സങ്കീർത്തനം 127:1). ഈ ശുശ്രൂഷെക്കായി പ്രാർത്ഥിക്കുകയും കഴിയുന്ന സഹായങ്ങൾ നൽകുകയും ചെയ്യേണമെ. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

(സ്ഥലം വാങ്ങാൻ 3 ലക്ഷം രൂപയും, ആരാധനാലയത്തിന് 4 ലക്ഷം രൂപയും മതിയാകും. 
ഒരിക്കലായോ, ഗഡുക്കളായോ, ഭാഗികമായോ ഏറ്റെടുക്കുവാൻ കഴിയുമോ എന്ന് ചിന്തിക്കണമേ!)

# ഹെൽപ് ഇ

# ഡോക്സ വാർഷിക സംഗമവും –



ഉദ്ഘാടകൻ
Sri. മനോജ് മൂത്തേടൻ
(Perumbavoor MLA)



Rev. പി. വി. യാക്കോബ്
(Core Committee Member)



Dr. വി. പി. മത്തായി വാലയിൽ
(HIM President)





പെരുമ്പാവൂരിന്റെ പുതി





















ഹെൽപ് ഇന്ത്യ മിഷന്റെ–ഡോക്സ സാമൂഹ്യ സേവന പദ്ധതികൾ പെരുമ്പാവൂർ നഗരസഭയിലും പരിസര പഞ്ചായത്തു
പരിചരണം, ഡയാലിസിസ് സഹായം, കൗൺസലിംഗ്, സൗജന്യ മെഡിക്കൽ ഉപകരണ വിതരണം (വീൽചെയർ, വാക്കർ, എയ
വാർഷികത്തോടനുബന്ധിച്ച് എഡ്യുക്കേഷൻ കിറ്റ് വിതരണം 2026 ജൂലൈ 11–ന് അല്ലപ്ര മിഷൻ സെന്ററിൽ വെച്ച് ബഹ
ഗ്രാമപഞ്ചായത്തിലെ 24 വാർഡുകളിൽ നിന്നായി ആശാ വർക്കർമാർ മുഖേന കണ്ടെത്തിയ ഏറ്റവും അർഹരായ 97 കുട്ടികൾക്ക
ഇനിയും കൂടുതൽ കരുത്തോടെ മുന്നോട്ടു പോകുവാൻ ദൈവം സഹായിക്കട്ടെ. ആദിവാസി മേഖലകളിലെ രണ്ടായിരത്തോളം

## ന്ത്യ മിഷൻ

# എജ്യൂക്കേഷൻ കിറ്റ് വിതരണവും



Sri. സി. റ്റി. ഉമ്മൻ
(HIM Secretary)



Sri. ബേബി ജോർജ്ജ്
(Core Committee Member)



Smt. റ്റി. ആർ. ശോഭന
(ASHA Worker)



Smt. മഞ്ജു എൽദോ
(Palliative Nurse)



ിയ MLA ക്ക് സ്വീകരണം



വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ബോധവൽക്കരണ ക്ലാസ്



ുകളിലും വിപുലമായ ജീവകാരുണ്യ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. കിടപ്പുരോഗികൾക്കുള്ള പാലിയേറ്റീവ്
ർ ബെഡ്, ഐസിയു കോട്ട്), വയോജന കൂട്ടായ്മകൾ (കൂട്ടുകൂടാൻ ഡോക്സ്) മുതലായവ നടത്തിവരുന്നു. ഡോക്സയുടെ
ുമാനപ്പെട്ട പെരുമ്പാവൂർ എം.എൽ.എ. ശ്രീ. മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്ത് നിർവഹിച്ചു.ചടങ്ങിൽ വെങ്ങോല
ുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു.ജനപ്രധിനിധികളും മിഷൻ പ്രവർത്തകരും പങ്കെടുത്ത ഈ സേവന പ്രയാണം
കുട്ടികൾക്ക് വർഷംതോറും നൽകിവരുന്ന എജ്യുക്കേഷൻ കിറ്റ് വിതരണവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥിക്കണമേ!

# ദൈവകൃപയാൽ ആലയ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിജയകരമായി മുന്നേറുന്നു



മഹാരാഷ്ട്രയിലെ ഗോന്ദിയ ജില്ലയിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ശാലേം ഗോസ്പൽ മിഷൻ ചർച്ച് 2012-ൽ പണി പൂർത്തികരിച്ച് ആരാധന തുടങ്ങി എങ്കിലും ദൈവത്തിന്റെ മഹാകരുണയാൽ വിശ്വാസികൾ വർദ്ധിച്ച്‌വന്നതിനെ തുടർന്ന് നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിർമ്മാണപ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ചേർന്നുള്ള ഇ.ജി.എം. സോണൽ ഓഫീസിന്റെയും ബൈബിൾ സ്കൂളിന്റെയും പണികളും പുരോഗമിക്കുന്നു.

നാം പ്രാർത്ഥിച്ച് ആരംഭിച്ച ഈ ഉദ്യമം ഇന്ന് പൂർത്തീകരണത്തിലേക്ക് എത്തിനിൽക്കുകയാണ്.





# ഛത്തീസ്ഗഡ് മുംഗേലിയിൽ നമ്മുടെ ചർച്ചിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു







ചർച്ച് നിർമ്മാണപ്രവർത്തനങ്ങൾ നിരവധി പ്രതികൂല സാഹചര്യങ്ങൾക്കും വെല്ലുവിളികൾക്കുമിടയിലാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. വിശ്വാസികളുടെ എണ്ണം വർധിച്ചുവരുന്തോറും വിവിധ തരത്തിലുള്ള എതിർപ്പുകളും തടസ്സങ്ങളും ഉയർന്നുവരുന്നുണ്ട്. എന്നിരുന്നാലും, ദൈവകൃപയാലും വിശ്വാസികളുടെ ആത്മാർത്ഥ സഹകരണത്താലും പ്രവർത്തനങ്ങൾ മുന്നോട്ട്പോകുന്നു.

പ്രിയ ദൈവമക്കളേ, ഈ നിർമ്മാണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കപ്പെടുന്നതിനും എല്ലാ തടസ്സങ്ങളും നീങ്ങിപ്പോകുന്നതിനും ദയവായി നിങ്ങളുടെ പ്രാർത്ഥനകളിൽ ഈ ശുശ്രൂഷയെ ഓർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കർത്താവിന്റെ മഹത്വത്തിനായി ഉയർന്നുവരുന്ന ഈ ആരാധനാലയം അനേകർക്ക് അനുഗ്രഹത്തിന്റെ കേന്ദ്രമായി മാറട്ടെയെന്ന് പ്രാർത്ഥിക്കാം.

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **ഇയ്യോബ് 7 – 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മധുഷന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **ഇയ്യോബ് 11, 12 അദ്ധ്യായങ്ങൾ, റോമർ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **ഇയ്യോബ് 13–15 അദ്ധ്യായങ്ങൾ, റോമർ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ), കുശാൽ ബോറോ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ)
**വിഷയങ്ങൾ** : അനിത, ബുധുവ - വീടുപണി നടക്കുന്നതിനായും കൊക്രചാർ ഗ്രാമത്തിൽ വേല വളരുന്നതിനായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **ഇയ്യോബ് 16 – 18 അദ്ധ്യായങ്ങൾ, റോമർ 5 –ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : സവിത - തക്കതുണയെ ലഭിക്കുന്നതിനായും, സവിത, മമിത - സുഖപ്രസവത്തിനായും, ഈശ്വരൻ - മൂത്രത്തിൽ കല്ല് - സൗഖ്യത്തിനായും, സഞ്ജയ് - മദ്യപാനം, മാറുവാനും, എല്ലാ വിശ്വാസികൾക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **ഇയ്യോബ് 19 – 22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ബഹദൂർ - കുടുംബസമാധാനത്തിനായും, രവി - മദ്യപാനം മാറുവാനും, ഹരീഷ്, മായ - മാനസാന്തരത്തിനായും വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **ഇയ്യോബ് 23 – 27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **ഇയ്യോബ് 28 –ാം അദ്ധ്യായം, റോമർ 6, 7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **ഇയ്യോബ് 29–31 അദ്ധ്യായങ്ങൾ, റോമർ 8, 9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം
**വിഷയങ്ങൾ** : ഉമ, വിനോദ് - സാത്താന്യബന്ധനം വിടുതലിനായും, വിനോദ് - മൂലക്കുരു, ജിൽമിൽ - അലർജി, കുസും - തൈറോയിഡ്, കൗസല്യ - തോളിൽ ശസ്ത്രക്രിയ കഴിഞ്ഞു, റിതു - ചുമ, മനോജ് - നെഞ്ചു വേദന, സന്തോഷ് - ടൈഫോയിഡ്, സരസ്വതി - കാലുവേദന, സുകുവാര - അലർജി, ബലിറാം - കാൽ മുട്ടിന് വേദന ഇവരുടെ സൗഖ്യത്തിനായും, സന്തോഷി - മാനസാന്തരത്തിനായും ഫീൽഡു ശുശ്രൂഷ യുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **ഇയ്യോബ് 32–34 അദ്ധ്യായങ്ങൾ, റോമർ 10–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു, ജലേശ്വർ സാഹു
**വിഷയങ്ങൾ** : സുമിത്ര - മക്കളില്ലാതെ ഭാരപ്പെടുന്നു, സുനിത - ഭർത്താവിന്റെ മാനസാന്തരത്തിനായും, ഈശ്വരി - കൈയും കാലും ഒടിഞ്ഞിരിക്കുന്നു, രേണു - കണ്ണിലെ അസ്വസ്ഥതകൾ മാറുവാനും, മാൻകി - കാൽമുട്ടിന് വേദന, രമേഷ് - മാനസാന്തരത്തിനായും, ഫീൽഡിലെ വിശ്വാസികൾക്കായും, മുംഗേലി യിലെ ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **ഇയ്യോബ് 35–37 അദ്ധ്യായങ്ങൾ, റോമർ 11–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : ആരോൺ - ബാലാരിഷ്ടതകളിൽ നിന്നും വിടുതൽ, രോഹിത് - പനി ഇവരുടെ സൗഖ്യത്തിനായും; ഗംഗാപൂർ ഗ്രാമത്തിൽ പ്രാർത്ഥനാഹാൾ ആവശ്യമാണ്, വിനോദ് - കുടുംബത്തിന്റെ അനുഗ്രഹ ത്തിനായും, ഗ്രാമത്തിലെ തൊഴിൽരഹിതരായ യുവാക്കൾക്കും വേണ്ടിയും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **ഇയ്യോബ് 38–41 അദ്ധ്യായങ്ങൾ, റോമർ 12–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **ഇയ്യോബ് 42–ാം അദ്ധ്യായം, റോമർ 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 1–6, റോമർ 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (ജംഷഡ്പൂർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ആരാധനാലയം പണിയുന്നതിന് സ്ഥലം വാങ്ങിക്കുവാനും, വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 7–13**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 14–18**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രിയാൻഷ്, പ്രിയാൻഷി), സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 16

**വായനഭാഗം : സങ്കീർത്തനങ്ങൾ 19 – 23**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ജൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ടീലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ്, ഉമാജി ഷിൻഡെ
**വിഷയങ്ങൾ** : യോഗേഷ് - കാൻസർ, ഭൂമിത - നടുവേദന, സുരേഖ - കാഴ്ചയുടെ പ്രശ്നങ്ങൾ, ഇന്ദിര - ഷുഗർ ഇവരുടെ സൗഖ്യത്തിനായും, സച്ചിൻ - ജോലി ലഭിക്കുവാനും; നടത്തപ്പെടുന്ന ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 17

**വായനഭാഗം : സങ്കീർത്തനങ്ങൾ 24 – 31**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, എയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം : സങ്കീർത്തനങ്ങൾ 32 – 35**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം : സങ്കീർത്തനങ്ങൾ 36 – 39**
**മിഷൻ ഫീൽഡ്** : ഒഡീഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദാം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി, അമർസിംഗ് ഡിഗൽ
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം : സങ്കീർത്തനങ്ങൾ 40 – 45**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൊട്ടഗ്രാ)
**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം : സങ്കീർത്തനങ്ങൾ 46 – 51**
**മിഷൻ ഫീൽഡ്** : ഒഡീഷ (ഹത് – മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം : സങ്കീർത്തനങ്ങൾ 52 – 58, 1 കൊരിന്ത്യർ 1 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം : സങ്കീർത്തനങ്ങൾ 59 – 65, 1 കൊരിന്ത്യർ 2 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് ദസോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 24

**വായനഭാഗം : സങ്കീർത്തനങ്ങൾ 66 – 69, 1 കൊരിന്ത്യർ 3 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മകൻ: ജോൺസൺ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 70–73, 1 കൊരിന്ത്യർ 4–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ :** ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലിശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്, രാംലാൽ ഡിൻഡോർ
**വിഷയങ്ങൾ :** വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 74–78, 1 കൊരിന്ത്യർ 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** തമിഴ്നാട് (തേനി)
**പ്രവർത്തകർ :** കെ. എബ്രഹാം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ :** വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 79–83, 1 കൊരിന്ത്യർ 6–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ :** പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സുസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ :** വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 84–88, 1 കൊരിന്ത്യർ 7–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ :** അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ :** വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 89–94, 1 കൊരിന്ത്യർ 8–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ :** ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ :** വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 95–102, 1 കൊരിന്ത്യർ 9–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായിഗുരി, കട്ടൽഗുരി)
**പ്രവർത്തകർ :** ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ :** ചമ്പി - നടുവേദന, ശരീരവേദന, മുന്നി - ഷുഗർ, സോനാമുനി - വലതുകാലിന് വേദന, റോഷൻ - രണ്ടു കാലിനും വേദന, ഭിം സോറൻ - ക്ഷീണം, ബ്ലഡ് കുറവ്, മാനിക് - വീട് വിട്ട് ഓടിപ്പോയി, മടങ്ങി വരുന്നതിനായും, ഷൈമോൻ, വിശാൽ, ഹേമരാജ് - മദ്യപാനം മാറുവാനും, മൈക്കൽ, ഭുട്ട്കു - മാനസാന്തരത്തിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 31

**വായനഭാഗം :** **സങ്കീർത്തനങ്ങൾ 103–105, 1 കൊരിന്ത്യർ 10–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ് :** വെസ്റ്റ് ബംഗാൾ (കട്ടൽഗുരി)
**പ്രവർത്തകർ :** ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല)
**വിഷയങ്ങൾ :** വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്

# ഗാർഡിയൻ പ്രേയർ സെൽ

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**CALL: 9446610923**

**E-mail: guardianprayercell@gmail.com**
**www.egmofindia.com**



സി.ജി. തോമസ്

# ക്രിസ്തുയേശുവിലുള്ള ഭാവം

"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ... ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി. 2:3-5).

പൌലൊസ് ഇവിടെ താഴ്മയുടെ പ്രബോധനം ഫിലിപ്പ്യർക്കും അതുപോലെതന്നെ നമുക്കും നൽകുകയാണ്. Eritheia എന്ന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് പദോല്പത്തി വിഷയമായി പഠിക്കുമ്പോൾ Erithos എന്താണെന്നു വ്യാഖ്യാതക്കൾ പറയുന്നു. അതിനർത്ഥം 'കലഹപ്രിയം' എന്നാണ്. ഭിന്നതയെ പൌലൊസ് കർശനമായി വിലക്കുന്നുണ്ട്. പൌലൊസ് തിമൊഥെയൊസിന് എഴുതുന്നു. 2 തിമൊ. 2:14 "കേൾക്കുന്നവരെ മറിച്ചുകളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കേണമെന്നു കർത്താവിനെ സാക്ഷിയാക്കി അവരെ ഓർമ്മപ്പെടുത്തുക".

അബ്രാഹാംപിതാവിന്റെ കാലത്തുതന്നേ ഭവനത്തിൽ ഭിന്നത കണ്ടുവരുന്നു.

ഉല്പത്തി 21:10 "ഈ ദാസിയെയും മകനെയും പുറത്താക്കിക്കളക; ഈ ദാസിയുടെ മകൻ എന്റെ മകൻ യിസ്ഹാക്കിനോടുകൂടെ അവകാശിയാകരുത് എന്നു പറഞ്ഞു".

നാം സ്വയം ഉയർത്താൻ പാടില്ല. സദൃശ്യവാക്യങ്ങൾ 25: 6, 7 രാജസന്നിധിയിൽ വമ്പു കാണിക്കരുത്; മഹാന്മാരുടെ സ്ഥാനത്തു നിൽക്കയും അരുത്. നീ കണ്ടിരുന്ന പ്രഭുവിന്റെ മുമ്പിൽ നിനക്കു താഴ്ച ഭവിക്കുന്നതിനെക്കാൾ ഇവിടെ കയറിവരിക എന്നു നിന്നോടു പറയുന്നതു നല്ലത്.

ലൂക്കൊസ് 14:11 "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും".

### ആത്മപ്രശംസ ചെയ്യരുത്

യാക്കോബ് 3:5 "അങ്ങനെ തന്നേ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു; കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കയും ചെയ്യുന്നു".

ഓരോരുത്തരും മറ്റുള്ളവരുടെ ഗുണവും നോക്കണം എന്ന് പൌലൊസ് ഉപദേശിക്കുന്നു. അതു നമ്മുടെ കടമയാണ്.

യിസ്രായേൽജനം ചെങ്കടൽ കടന്നുകഴിഞ്ഞതിനു ശേഷം തങ്ങൾക്കായി സ്വർണ്ണംകൊണ്ട് ദേവനെ ഉണ്ടാക്കി പാപം ചെയ്തു. അപ്പോൾ മോശെ കർത്താവിന്റെ അടുക്കൽ ചെന്നു പ്രാർത്ഥിച്ചു. പുറ 32:31, 32 "അയ്യോ! ഈ ജനം മഹാപാതകം ചെയ്തു പൊന്നുകൊണ്ട് തങ്ങൾക്കു ഒരു ദൈവത്തെ ഉണ്ടാക്കിയിരിക്കുന്നു. എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്ന് എന്റെ പേർ മായിച്ചുകളയേണമേ."

ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യംനൽകാൻവേണ്ടി, പൌലൊസ് തന്റെ ജീവന് ഏതെങ്കിലും വിധത്തിൽ വില കല്പിച്ചില്ല. അപ്പൊ. പ്ര. 20:24 "എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളു".

മറ്റുള്ളവരോടു നമുക്കു സഹതാപം ഉണ്ടായിരിക്കണം. സങ്കീ 103:13,14 "അപ്പന്നു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവെക്കു തന്റെ ഭക്തരോടു കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്ന് അവൻ ഓർക്കുന്നു".

### നിർമ്മലമായ ഭക്തി

നിർമ്മലമായ ഭക്തി എന്തെന്ന് യാക്കോബ് അപ്പൊസ്തലൻ എഴുതിയിരിക്കുന്നു.

യാക്കോ. 1:27 "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള

കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു."

യേശുക്രിസ്തുവിനുണ്ടായിരുന്ന മനോഭാവം ക്രിസ്തുവിനെ അനുകരിക്കാനായി പൌലൊസ് ഫിലിപ്പ്യരെ ആഹ്വാനം ചെയ്യുന്നു. ഫിലിപ്പ്യാസമൂഹത്തിൽ കണ്ടുവരേണ്ട പെരുമാറ്റത്തിന്റെ മാതൃക, ക്രിസ്തുവിലുള്ള എളിമയും താഴ്ത്തപ്പെടലും ആയിരിക്കണം. യേശുവുമായി മാതൃകാപരമായ അനുകരണത്തിനല്ല പ്രാധാന്യം നൽകുന്നത്, പിന്നെയോ പുതിയ ക്രിസ്തീയ സമൂഹത്തിന്റെ പ്രധാന തത്വത്തിനാണ്.

ഉത്തേജകവും പ്രബോധകവുമായ ഈ സാഹചര്യത്തിൽ പൌലൊസ് ക്രിസ്തുവിന് ഒരു സ്തുതിഗീതം ഉൾപ്പെടുത്തുന്നു. ഒരുപക്ഷെ ഇത് യെഹൂദക്രിസ്തീയ ആരാധനക്രമത്തിൽനിന്നും ഉള്ളതാകാം. ഈ ഗീതം ആദ്യകാല സഭയിലെ വിശ്വാസ പ്രഘോഷണത്തെ സൂചിപ്പിക്കുന്നു. വാക്യങ്ങളുടെ താളത്തിനനുസരിച്ചാണ് ഇതു രചിച്ചിരിക്കുന്നത്. പഴയനിയമത്തിലെ സങ്കീർത്തനങ്ങളും കവിതകളുമായി ഇതിനു സാമ്യമുണ്ട്. ആദ്യത്തെ മൂന്നു വാക്യങ്ങളുടെ കർത്താവ് ക്രിസ്തുവും പിന്നെ മൂന്നു വാക്യങ്ങളുടെ കർത്താവ് ദൈവവുമാണ്. 2:6 യേശുക്രിസ്തു ദൈവമായതുകൊണ്ട് അനാദിയിലെ ഉള്ളവൻ എന്നും കാണിക്കുന്നു.

7-ാം വാക്യം മനുഷ്യാവതാരത്തിലുള്ള തന്റെ താഴ്മയും (അതായത് സ്വയശൂന്യവൽക്കരണം)

8-ാം വാക്യം കുരിശുമരണംവരെയുള്ള അനുസരണവും 9-ാം വാക്യം സ്വർഗ്ഗീയ ഔന്നത്യത്തിലേക്കു പ്രവേശിക്കുന്നതും 10-ാം വാക്യം യേശു എല്ലാവരുടെയും ആരാധനാപാത്രമാണെന്നും 11-ാം വാക്യം യേശു കർത്താവാണ് എന്ന് എല്ലാ നാവും ഏറ്റുപറയുന്ന കാര്യവും വ്യക്തമാക്കുന്നു.

ആറാം വാക്യം പറയുന്നത്, യേശു ദൈവത്തിന്റെ രൂപത്തിലായിരുന്നു. ദൈവം മനുഷ്യരൂപത്തിൽ കാണപ്പെടുന്നതിനെ മോർഫിതിയോ (Morpheteou) എന്നാണ് ഗ്രീക്കിൽ പറയുക. യെഹൂദന്മാരെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ രൂപത്തിൽ ദൈവത്തെ കാണുക എന്നത് ചിന്തിക്കുവാൻ സാദ്ധ്യമായിരുന്നില്ല. ദൈവത്തിന്റെ ബാഹ്യരൂപം എന്നതിനു തുല്യമായി പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'മഹത്വം' (Glory) എന്നാണ്.

പുറ. 16:10 "അഹരോൻ യിസ്രായേൽമക്കളുടെ സർവ്വസംഘത്തോടും സംസാരിക്കുമ്പോൾ, അവർ മരുഭൂമിക്കു നേരെ തിരിഞ്ഞുനോക്കി, യഹോവയുടെ തേജസ്സ് (മഹത്വം) മേഘത്തിൽ വെളിപ്പെട്ടിരിക്കുന്നതു കണ്ടു."

**ക്രിസ്തുവിന്റെ ദൈവത്വം**

(എ) തിരുവചന സാക്ഷ്യം - യേശു തന്നേ പറഞ്ഞിട്ടുള്ളത്. (1) ലൂക്കൊ. 22:69 "എന്നാൽ ഇന്നു മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുഭാഗത്തു ഇരിക്കും" എന്നു പറഞ്ഞു.

(2) യോഹ. 10:30 "ഞാനും പിതാവും ഒന്നാകുന്നു". പിതാവിനോടുള്ള സമത്വം

യോഹ 14:9 യേശു അവനോടു പറഞ്ഞതു; "ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നത് എങ്ങനെ"?

സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല.

(I) അവൻ 'വ്യസനപാത്ര'മായിരുന്നു.

യെശ. 53:2, 3 "അവൻ ഇളയ തൈപോലെയും വരണ്ട നിലത്തുനിന്നു വേർ മുളെക്കുന്നതുപോലെയും അവന്റെ മുമ്പാകെ വളരും; അവന്നു രൂപഗുണം ഇല്ല. കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല."

2) അവൻ നിന്ദിക്കപ്പെട്ടു.

മർക്കൊ. 15:29,30 "കടന്നുപോകുന്നവർ തല കുലുക്കിക്കൊണ്ടു: ഹാ, ഹാ, മന്ദിരം പൊളിച്ചു മൂന്നു നാളുകൊണ്ടു പണിയുന്നവനേ, നിന്നെത്തന്നേ രക്ഷിച്ചു ക്രൂശിൽനിന്നു ഇറങ്ങി വാ എന്നു പറഞ്ഞു അവനെ ദുഷിച്ചു."

അന്ത്യഅത്താഴ സമയം മുതൽ കുരിശുമരണംവരെയുള്ള എല്ലാ അനുഭവങ്ങളും നമുക്കുവേണ്ടിയുള്ള പാപപരിഹാര ബലിയായിരുന്നു. അന്ത്യഅത്താഴസമയത്തു തന്നേ യേശു പറഞ്ഞു, എന്നോടുകൂടി പാത്രത്തിൽ കൈമുക്കുന്നവൻ തന്നേ എന്നെ ഒറ്റിക്കൊടുക്കും. യേശു പത്രൊസിനോടു പറഞ്ഞത് നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയും എന്നാണ്. മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല എന്നു പത്രൊസു പറഞ്ഞെങ്കിലും പത്രൊസ് പരാജയപ്പെട്ടു. യേശു പാപപരിഹാര ബലിയായി അർപ്പിക്കപ്പെട്ടപ്പോൾ, കുരിശിൽ കിടന്നുകൊണ്ട് തന്നെ ക്രൂശിച്ചവർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു. 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്നു അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ.' നമ്മുടെ ജീവിതം പൂർണ്ണമായും ദൈവഹിതപ്രകാരമുള്ള ജീവിതമായിത്തീരണമെങ്കിൽ യേശുക്രിസ്തുവിന്റെ മനോഭാവം നമുക്കും ഉണ്ടായിരിക്കണം. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ■■■

ലിയോനാർഡ് റാവൻഹിൽ



# സഭയുടെ പോക്കുപോലെതന്നെ ലോകവും നീങ്ങുന്നു

**ഈ** പാതിരായാമത്തിന് ആവശ്യമായിട്ടുള്ളത് ധവളോജ്ജ്വലമായ ആളുകളെയത്രെ. പെന്തെക്കൊസ്തുനാളിൽ, ആ മഹത്വമാർന്ന കൂട്ടത്തിന് ജീവനുള്ള ദൈവത്തിന്റെ തീജ്വാല മനുഷ്യഹൃദയത്തിന്റെ തീജ്വാലയായിത്തീർന്നു. "മാളികമുറിയിലെ" കഠിന വ്യഥയനുഭവിക്കുന്ന ഈ മനുഷ്യരെക്കൊണ്ട് സഭ ആരംഭിച്ചു. എന്നാൽ ഇന്നോ അത്താഴമുറിയിലെ സംഘാടകരോടുകൂടെ അവസാനിക്കുകയാണ്. സഭ ഉണർവ്വിൽ ആരംഭിച്ചു; നാമൊ ആചാരത്തിൽ അവസാനിക്കുകയാണ്. നാം ആണത്വത്തിൽ സമാപിക്കുന്നു. സഭാംഗത്വം അവകാശപ്പെട്ടിരുന്നവർക്കു ബിരുദങ്ങൾ ഇല്ലായിരുന്നെങ്കിലും അവർ ചൂടുള്ളവർ ആയിരുന്നു; ഇന്നു അനേക ബിരുദധാരികൾ ഉണ്ട്; എന്നാൽ ചൂട് ഒട്ടുംതന്നെ ഇല്ല. അല്ലയോ സഹോദരന്മാരെ, ഈ വിനാഴികയിലെ അടിയന്തിരാവശ്യം ജാജ്ജ്വല്യ ഹൃദയരായ ആളുകളെ അത്രെ!

തെറ്റായ മാർഗ്ഗത്തിലൂടെ നയിക്കപ്പെട്ട ആളുകളെ നയിക്കേണ്ടതിന്ന്, അഗ്നിസ്തംഭമായിരിക്കുന്ന മനുഷ്യരെ – ദൈവനിയന്ത്രിതരായ മനുഷ്യരെ ആണ് ആവശ്യം. ഭയപ്പെടുന്നവരായ തിമോഥെയൊസ്മാരെ ഉണർത്തുവാൻ വികാരതീവ്രരായ പൌലൊസ്മാർ വേണം. നാമധേയരെ അതിജീവിച്ചു പ്രകാശിപ്പാനും ജ്വലിപ്പാനും തീനാളങ്ങളായ മനുഷ്യരെയത്രെ ആവശ്യം! തുടർച്ചയായി രാത്രികാല പ്രാർത്ഥന നയിക്കേണ്ടതിന് നമുക്കു പ്രാർത്ഥിക്കുന്ന വീരന്മാരെയാണ് ആവശ്യം. (We need knights of prayer to lead nights of prayer) "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന്നു എന്തു പ്രയോജനം"? (മർക്കൊ 8:36) എന്നു ചോദിച്ചിരിക്കയാൽ വ്യാജ ലാഭങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകുന്ന യഥാർത്ഥ പ്രവാചകന്മാരെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്.

താരാട്ടു തൊട്ടിലിലെ കുട്ടിയുടെ മനോഭാവം പുലർത്തുന്ന കോൺഫ്രൻസ് പ്രസംഗികൾ ഈ അന്ത്യകാലത്ത് ഒരു ദുരന്തംതന്നെയാണ്. ഇന്നുയരേണ്ട നിലവിളി, "സീയോനിൽ കാഹളം ഊതുവിൻ, ഒരു ഉപവാസം നിയമിപ്പിൻ, സഭായോഗം വിളിപ്പിൻ... യഹോവയുടെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ കരയട്ടെ" (യോവേൽ 2:15-17) എന്നായിരിക്കണം.

യഹോവയുടെ തീയ് എന്തെന്നറിയുകയും അനന്തരം അത് കെട്ടുപോകുവാൻ അനുവദിക്കുകയും ചെയ്ത ഒരു ഹൃദയത്തെ സാമ്യപ്പെടുത്തേണ്ടത്, മഞ്ഞിനാൽ മൂടപ്പെട്ടുകിടക്കുന്ന ആൽപ്സ് കൊടുമുടികൾ ഊഷ്മളമുറ്റവയാണെന്ന് പറയുന്നതിനോടാണ്. തീ കത്തിക്കൊണ്ടിരിക്കുമ്പോൾ മാത്രമേ ലോഹം ഉരുകുകയുള്ളു. അഗ്നിയെ അകറ്റിയാൽ ലോഹം ഖരമായിത്തീരും. അപ്രകാരംതന്നെ, സ്വർഗ്ഗീയ ഊഷ്മളത്വമേൽക്കാത്തുള്ള ഒരു മനുഷ്യഹൃദയവും ഒരു മഞ്ഞുകട്ടയത്രെ.

ആത്മാവിന്റെ അഭാവത്തിൽ, പ്രസംഗിയുടെ പാഠനം, ഉപദേശവ്യവഛേദനം നടത്തുകയും നിർജ്ജീവമായ പ്രമാണങ്ങളെ വികസിപ്പിക്കുകയും ചെയ്യുന്ന അഭിഷേകം ആവശ്യമാകുന്നു. സത്യം കുറിക്കുകൊള്ളുന്നതും ആശ്വാസത്തെ ജ്വലിപ്പിക്കുന്നതും ആയിരിക്കണം.

ആത്മനിവേശിതരായ മനുഷ്യർ അത്യന്താപേക്ഷിതമായിരിക്കുന്നു! അധഃപതിച്ച ഈ തലമുറക്ക് ആത്മോല്പാദിതമായ ആത്മാക്കൾ ഉള്ള വിശ്വാസികളെയാണ് അനുപേക്ഷണീയമായിട്ടുള്ളത്. കേവലം മാനുഷികമായ ജ്വാലയെ അന്ത്യകാല അതിക്രമം കെടുത്തിക്കളകയും, കൊടുങ്കാറ്റിൽ പൊട്ടുന്ന ഒരു ഉണങ്ങിയ ഞാങ്ങണ എന്നവണ്ണം ജഡികമായ വിഭാഗീയ പ്രവണതയുടെ മങ്ങിയ തിരിയെ തകർക്കുകയും ചെയ്യും. ഈ സമയത്ത് വ്യാജമതത്തിന്റെയും മന്ദോഷ്ണ ക്രിസ്ത്യാനിത്വത്തിന്റെയും ശീഘ്രമായ ഒരു ഊറ്റൻ കാറ്റ് ലോകമെങ്ങും ചുറ്റിയടിക്കുകയുമാണ്. തീയില്ലാത്ത മനുഷ്യരാൽ വ്യജ തീയെക്കുറിച്ച് മുന്നറിയിപ്പ് ലഭിച്ചിട്ടുള്ളതിനാൽ നാമും പലപ്പോഴും തീക്കായി തീരുമാനിക്കപ്പെട്ടിട്ടില്ലാത്ത നിലയിൽ കഴിഞ്ഞുകൂടുകയത്രെ!

(തുടരും)

(പേജ് 14 - ൽ നിന്നും)

വുകൾ പ്രകടിപ്പിക്കും. ചിലർക്ക് മറ്റുള്ളവരെ മനസ്സിലാക്കുവാൻ കഴിവുണ്ടാകും. അവർ ഇന്റർവ്യൂ നടത്തിയാൽ മുൻപിൽ ഇരിക്കുന്ന ആളെ കൃത്യമായി മനസ്സിലാക്കും. വേറെ ചിലർക്ക് സംസാരത്തിലൂടെയോ അഭിനയത്തിലൂടെയോ പാട്ടുകളിലൂടെയോ മറ്റുള്ളവരെ രസിപ്പിക്കുവാൻ കഴിവുണ്ടാകും.

SHAPE calling ൽ P എന്ന അക്ഷരം വ്യക്തിത്വവുമായി (perosnality) ബന്ധപ്പെട്ടുകിടക്കുന്നതാണ്. നാം സാധാരണയായി പറയുന്ന രണ്ടു വാക്കുകളാണ് അന്തർമുഖൻ (introvert), ബഹിർമുഖൻ (extrovert) എന്നിവ. ഒരേ കഴിവുകൾ ആണെങ്കിലും തങ്ങളുടെ വ്യക്തിത്വം അനുസരിച്ച് അത് ഉപയോഗിക്കുന്നതിൽ വ്യത്യാസമുണ്ടായിരിക്കും. അന്തർമുഖനായ ഒരു വ്യക്തി കച്ചവടത്തിൽ വിജയിക്കാനുള്ള സാധ്യത കുറവാണ്. ന്യായാധിപന്മാർ 9:7-15 വാക്യങ്ങളിൽ വൃക്ഷങ്ങളെല്ലാംകൂടെ ഒലിവ്മരത്തോടും അത്തിമരത്തോടും മുന്തിരിച്ചെടിയോടും തങ്ങളുടെ രാജാവ് ആകുവാൻ പറഞ്ഞു. എന്നാൽ അവർ തങ്ങളുടെ ജോലി എന്താണെന്ന് വ്യക്തമായി തിരിച്ചറിഞ്ഞിരുന്നതുകൊണ്ട് അത് ഉപേക്ഷിച്ച് രാജാവാകാൻ തയ്യാറായില്ല. എന്നാൽ മുൾച്ചെടി അതിനു തയ്യാറായെങ്കിലും അതിന് വിജയിക്കാൻ കഴിഞ്ഞില്ല എന്ന് നാം വായിക്കുന്നു. ദൈവം നമുക്ക് നൽകിയ വ്യക്തിത്വം നമ്മുടെ വിളിയിൽ പ്രകടമാണ്.

SHAPE calling-ൽ E എന്ന അക്ഷരം നമ്മുടെ അനുഭവജ്ഞാനത്തെ (experience) സൂചിപ്പിക്കുന്നു. ദൈവം നമുക്ക് നൽകിയ അനുഭവങ്ങൾ, അതിൽനിന്ന് നാം പഠിച്ച കാര്യങ്ങൾ നമ്മുടെ ഭാവിയിൽ നാം ഏതു മേഖലയിൽ പ്രവർത്തിക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. 2 കൊരിന്ത്യർ 1:4-ൽ പൌലൊസ് പറയുന്നത് ദൈവം തന്റെ കഷ്ടങ്ങളിൽ തന്നെ ആശ്വസിപ്പിച്ചത് മറ്റുള്ളവരെ ആശ്വസിപ്പിക്കുവാൻ വേണ്ടിയാണ് എന്നാണ്. നമുക്ക് ജോലിയിൽ ലഭിച്ച അനുഭവങ്ങൾ, വിദ്യാഭ്യാസത്തിൽ ലഭിച്ച അനുഭവങ്ങൾ, വേദനാജനകമായ അനുഭവങ്ങൾ, ശുശ്രൂഷയിലെ അനുഭവങ്ങൾ, ആത്മീയ അനുഭവങ്ങൾ എന്നിവ നമ്മുടെ ഭാവിയെ തീരുമാനിക്കും. നമ്മുടെ ഒരു വേദനയും വൃഥാവായിപ്പോവുകയില്ല.

ജോലിയിൽ ദൈവഹിതം എന്ത് എന്ന് തിരിച്ചറിയുവാൻ മേൽപ്പറഞ്ഞ കാര്യങ്ങൾ ഒരു സഹായമാണെങ്കിലും ദൈവ സന്നിധിയിൽ പ്രാർത്ഥനയോടെ ചേർന്നിരിക്കുന്നു എങ്കിൽ മാത്രമേ ഉറച്ച ബോധ്യത്തോടെ തീരുമാനമെടുക്കാൻ കഴിയൂ. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

■■■

**"നിങ്ങൾ മനുഷ്യനായതുകൊണ്ട് മാത്രം വലിയവനാകുന്നില്ല.**
**മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്."**
**- മഹാത്മാഗാന്ധി -**

**മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം**

# ഇരു കൈകളുടെയും ശക്തമായ വേദനയിൽ നിന്നും വിടുതൽ ലഭിച്ചു



ഞാൻ ഛത്തീസ്ഗഡിലെ ബിലാസ്പുരിലുള്ള ബെൽഗഹനാഗ്രാമത്തിലാണ് താമസിക്കുന്നത്. കഴിഞ്ഞ മാസം എന്റെ ഇരു കൈകൾക്കുമുണ്ടായ കഠിനമായ വേദന കാരണം ഞാൻ ഒത്തിരി കഷ്ടപ്പെട്ടിരുന്നു. ഒരുപാട് ചികിത്സകൾ ചെയ്തെങ്കിലും എനിക്ക് യാതൊരുവിധ ആശ്വാസവും ലഭിച്ചില്ല. ഡോക്ടർമാർ നിർദ്ദേശിച്ച എല്ലാ ചികിത്സകളും ഞാൻ ചെയ്തുനോക്കി, ഒപ്പം നിരന്തരമായി പ്രാർത്ഥിക്കുകയും ചെയ്തുപോന്നു.

തുടർന്ന്, കർത്താവായ യേശുക്രിസ്തു ഇ.ജി.എം. ഓഫ് ഇന്ത്യയുടെ സുവിശേഷ പ്രവർത്തകനിലൂടെ എന്നോട് സംസാരിച്ചു. പൂർണ്ണവിശ്വാസത്തോടെ പ്രാർത്ഥിക്കാനും ഉപവസിക്കാനും അദ്ദേഹം എന്നെ ഉപദേശിച്ചു. അങ്ങനെ ഞാൻ ഉപവാസത്തോടെ പ്രാർത്ഥിക്കാൻ തുടങ്ങി. അദ്ദേഹവും എനിക്കായി പ്രാർത്ഥിച്ചു. ദൈവത്തിൽ ആശ്രയിച്ചു പ്രാർത്ഥിച്ചതിലൂടെ വേദനയിൽനിന്ന് ഇപ്പോൾ ഞാൻ പൂർണ്ണമായും വിടുതൽ നേടിയിരിക്കുന്നു; ഇപ്പോൾ പൂർണ്ണ ആരോഗ്യവാനാണ്! കർത്താവായ യേശുക്രിസ്തുവിന് നന്ദി. എന്റെ ഈ സാക്ഷ്യത്തിലൂടെ കർത്താവിന്റെ നാമം മാത്രം മഹത്വപ്പെടുമാറാകട്ടെ!

ധരം സിംഗ്, ബിലാസ്പൂർ

## ആമോസിന്റെ പ്രവചനം നിറവേറ്റി ബൈബിൾ ഹൃദയഭൂമിയിൽ കൃഷിയും മുന്തിരിത്തോട്ടങ്ങളും



**ബൈ**ബിളിലെ പഴയനിയമകാലഘട്ടത്തിലെ പ്രവാചകനായ ആമോസ് പ്രവചിച്ചുപറഞ്ഞതുപോലെ സംഭവിച്ചിരിക്കുകയാണ് ബൈബിൾ ഹൃദയ ഭൂമിയിൽ. യെരുശലേമിനു തൊട്ടുതെക്ക് ചരിത്രപ്രാധാന്യമുള്ള യെഹൂദ്യയുടെയും ശമര്യയുടെയും ഭാഗത്താണ് തെക്കോവ സ്ഥിതിചെയ്യുന്നത്. ആമോസ് ജീവിച്ചിരുന്നതും പർവ്വതങ്ങൾ വീഞ്ഞുപൊഴിക്കുമെന്ന് പ്രവചിച്ചതുമായ സ്ഥലമാണിത്. ആധുനികകാല തെക്കോവ വളരെ വ്യത്യസ്തമായ ഒരു യുദ്ധ പോർക്കളത്തിലാണ്. യെഹൂദന്റെ വാഗ്ദത്തദേശം പൂർണ്ണമായി വീണ്ടെടുക്കാനുള്ള പോരാട്ടം.

അതായത് യിസ്രായേൽദേശത്തിന്റെ ഹൃദയത്തിനും മണ്ണിനും വേണ്ടിയുള്ള യുദ്ധം. ഇന്ന് ഈ സ്ഥലം കൃഷിയിടങ്ങളാലും മരങ്ങളാലും മുന്തിരിത്തോട്ടങ്ങളാലും സമൃദ്ധമാണ്.

യെഹൂദന്മാർ യിസ്രായേലിന്റെ അതിർത്തികളെ ഫലഭൂയിഷ്ടപ്രദേശമാക്കുകയാണ്. മുന്തിരി വള്ളികൾ നട്ടുപിടിപ്പിച്ച് ഓരോ ഇടങ്ങളും അനുഗ്രഹത്തിന്റെ കലവറകളാക്കുകയാണ്.

യിസ്രായേല്യർ ഇവിടെ കൃഷിയും പരിപാലനവുമായി കഴിയുമ്പോഴും യിസ്രായേലിന്റെ ശത്രുക്കളോട് പൊരുതുവാനും അവർ സമയം കണ്ടെത്തുന്നു. കൃഷിയിടങ്ങളിൽനിന്ന് പോർക്കളത്തിലേക്ക് പോകുന്നവർ അനേകരാണ്.

2700 വർഷങ്ങൾക്കുമുമ്പ് ആമോസ് പ്രവചിച്ചിരുന്നു. പർവ്വതങ്ങൾ പുതുവീഞ്ഞു പൊഴിക്കുകയും എല്ലാ കുന്നുകളും ഉരുകിപ്പോവുകയും ചെയ്യുന്ന നാളുകൾ വരും എന്ന് യഹോവയുടെ അരുളപ്പാട്. അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിനെ മടക്കിവരുത്തും. ശൂന്യമായ പട്ടണങ്ങളെ അവർ പണിതു പാർക്കുകയും മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കുകയും ചെയ്യും.

Source: www.disciplesnews.com

## എട്ട് മാസം ബഹിരാകാശത്ത് ഇനി ഒരു മലയാളി നക്ഷത്രം! ഡോ. അനിൽ മേനോൻ



**ഭൂ**മിയിൽനിന്ന് കിലോമീറ്ററുകൾ അകലെ, ബഹിരാകാശത്ത് എട്ട് മാസത്തോളം ഇനി ഒരു മലയാളിയുടെ സാന്നിധ്യം. മനുഷ്യരാശിയുടെ ഭാവി ബഹിരാകാശ ദൗത്യങ്ങൾക്ക് വഴിയൊരുക്കുന്ന നിർണ്ണായക പരീക്ഷണങ്ങളുമായി നാസയുടെ അസ്ട്രോനട്ട് ഡോ. അനിൽ മേനോൻ ജൂലൈ 14-ന് രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് യാത്രതിരിച്ചു. ഒറ്റപ്പാലത്തു വേരുകളുള്ള ഈ മലയാളി, ശാസ്ത്രലോകത്തിന്റെ ചരിത്രത്തിൽ മറ്റൊരു അഭിമാന അധ്യായംകൂടി എഴുതാൻ ഒരുങ്ങുകയാണ്.

കസാഖ്സ്ഥാനിലെ ബൈകൊണൂർ കോസ്മോഡ്രോമിൽ (Baikonur Cosmodrome) നിന്ന് റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോസ്മോസിന്റെ സൊയൂസ് എം എസ് - 29 (Soyuz MS - 29) സ്പേസ്ക്രാഫ്റ്റിലാണ് അദ്ദേഹം ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിലേക്ക് (ISS) പറന്നത്. ഏകദേശം 240 ദിവസം (8 മാസം) നീണ്ടുനിൽക്കുന്ന ഈ കന്നി ബഹിരാകാശയാത്രക്ക് ശേഷം 2027-ലായിരിക്കും അദ്ദേഹം ഭൂമിയിലേക്ക്തിരിച്ചെത്തുക.

**ചൊവ്വാ-ചാന്ദ്ര ദൗത്യങ്ങൾക്ക് വഴിയൊരുക്കുന്ന പരീക്ഷണങ്ങൾ**

ഭാവിയിലെ ഡീപ് സ്പേസ് (Deep-space) ദൗത്യങ്ങൾക്ക് മുന്നോടിയായി അതീവ നിർണ്ണായകമായ ഗവേഷണങ്ങളാണ് ഐഎസ്എസിൽ അനിൽ മേനോൻ നടത്തുക. ഭൂമിയിൽനിന്നുള്ള മെഡിക്കൽ സഹായമില്ലാതെ ബഹിരാകാശത്ത്വെച്ച് സ്വയം പരിശോധന നടത്താൻ സഹായിക്കുന്ന ഓഗ്മെന്റഡ് റിയാലിറ്റിയും (AR) ആർട്ടിഫിഷ്യൽ ഇന്റലിജൻസും (AI) സമന്വയിപ്പിച്ചുള്ള അൾട്രാസൗണ്ട് സാങ്കേതികവിദ്യ അദ്ദേഹം പരീക്ഷിക്കും.

ബഹിരാകാശ നിലയത്തിലെ കുടിവെള്ള സംവിധാനം ഉപയോഗിച്ച് മെഡിക്കൽ ആവശ്യങ്ങൾക്കുള്ള ഐവി ഫ്ളൂയിഡുകൾ (IV Fluids) ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ പരിശോധിക്കും.

ദീർഘദൂര ബഹിരാകാശയാത്രകൾ മനുഷ്യശരീരത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ, മൈക്രോഗ്രാവിറ്റി എങ്ങനെയാണ് മനുഷ്യന്റെ രക്തചംക്രമണം രക്തക്കുഴലുകളുടെ ഘടന എന്നിവയെ ബാധിക്കുന്നത് തുടങ്ങിയ മെഡിക്കൽ ഗവേഷണങ്ങൾ നടത്തും.

സൂപ്പർ കമ്പ്യൂട്ടറുകൾ, എഐ, ആധുനിക മെഡിക്കൽ ഉപകരണങ്ങൾ എന്നിവക്ക് ആവശ്യമായ അർദ്ധചാലക ക്രിസ്റ്റലുകൾ (Semiconductor Crystals) ബഹിരാകാശത്ത്വെച്ച് നിർമ്മിക്കുന്നതിനുള്ള പരീക്ഷണങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകും.

Source: www.manoramanews.com

(പേജ് 6 - ൽ നിന്നും)

ബൈബിളിൽ ഇതിന് ഏറ്റവും മനോഹരമായ ഉദാഹരണങ്ങളിൽ ഒരാളാണ് കാലേബ്. അവൻ അനാക്യരെ കണ്ടു. കോട്ടകളുള്ള പട്ടണങ്ങളെ കണ്ടു. എന്നാൽ അതിനേക്കാൾ വലുതായി അവൻ ദൈവത്തെ കണ്ടു. നാൽപ്പത് വയസ്സിൽ അവൻ ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിച്ചു. എന്നാൽ എൺപത്തിയഞ്ചാം വയസ്സിലും അവന്റെ വിശ്വാസം ക്ഷയിച്ചില്ല. അവൻ യോശുവയോട് പറഞ്ഞു: "ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക" (യോശുവ 14:12). മറ്റുള്ളവർ വിശ്രമത്തെക്കുറിച്ച് ചിന്തിച്ച പ്രായത്തിൽ കാലേബ് ദൗത്യത്തെക്കുറിച്ച് ചിന്തിച്ചു. പ്രായം അവന്റെ ദർശനത്തെ കുറച്ചില്ല. വർഷങ്ങൾ അവന്റെ വിശ്വാസത്തെ ദുർബലമാക്കിയില്ല. കാരണം അവന്റെ ശക്തി തന്റെ പ്രായത്തിലോ കഴിവുകളിലോ ആയിരുന്നില്ല; ദൈവത്തിന്റെ വാഗ്ദത്തത്തിലായിരുന്നു.

ഇത് നമ്മെ പഠിപ്പിക്കുന്ന ഒരു വലിയ സത്യമുണ്ട്: ദൈവത്തിന്റെ ദൗത്യത്തിന് വിരമിക്കൽ പ്രായമില്ല. ദൈവം നമ്മുടെ ജീവിതത്തിൽ ഇനിയും ചെയ്യാനുള്ളത് ഉണ്ടെങ്കിൽ, പ്രായമോ ഭൂതകാലമോ തടസ്സമല്ല. ചിലപ്പോൾ നമ്മുടെ ഭൂതകാലം നമ്മെ പിന്നോട്ട് വലിക്കും.

'ഞാൻ തെറ്റുകൾ ചെയ്തു', 'എനിക്ക് പല അവസരങ്ങളും നഷ്ടപ്പെട്ടു', 'ഞാൻ ദൈവത്തിനു വേണ്ടി കൂടുതൽ ചെയ്യേണ്ടതായിരുന്നു' എന്നിങ്ങനെ പല ചിന്തകളും വരാം.

എന്നാൽ സുവിശേഷത്തിന്റെ പ്രത്യാശ ഇതാണ്: ദൈവം പരാജയപ്പെട്ട മനുഷ്യരെയും ഉപയോഗിക്കുന്നു.

പത്രോസ് യേശുവിനെ മൂന്ന്പ്രാവശ്യം നിഷേധിച്ചു. എന്നാൽ പിന്നീട് അതേ പത്രോസ് സഭയുടെ ശക്തനായ നേതാവായി മാറി. മർക്കൊസ് ആദ്യ മിഷനറിയാത്രയിൽ പൌലൊസിനെയും ബർന്നബാസിനെയും വിട്ടുപോയി (അ. പ്രവൃത്തികൾ 13:13). അതുകൊണ്ട് പിന്നീട് പൌലൊസ് അവനെ കൂട്ടിക്കൊണ്ടുപോകാൻ ആദ്യം തയ്യാറായില്ല (അ. പ്രവൃത്തികൾ 15:3739). എന്നാൽ വർഷങ്ങൾക്കു ശേഷം പൌലൊസ് തന്നെ എഴുതി:

"മർക്കൊസിനെ കൂട്ടിക്കൊണ്ടുവരിക; അവൻ എനിക്കു ശുശ്രൂഷെക്കായി ഉപയോഗമുള്ളവനാകുന്നു" (2 തിമൊഥെയൊസ് 4:11). പരാജയം അവന്റെ അവസാന അദ്ധ്യായമായില്ല. നമ്മുടെ പഴയ അദ്ധ്യായങ്ങൾ ദൈവത്തിന്റെ കൈകളിൽ അവസാന വാക്കല്ല.

ജെയിൻ ടോംലിൻസൺ എന്ന സ്ത്രീയുടെ ജീവിതവും ഇതേ സത്യം ഓർമ്മിപ്പിക്കുന്നു. അവൾക്ക് അതിതീവ്രമായ കാൻസർ കണ്ടെത്തി. ജീവിതം അധികം ഇല്ലെന്ന് അവൾ അറിഞ്ഞു. അവളുടെ മുന്നിൽ രണ്ട് വഴികളുണ്ടായിരുന്നു. 'എനിക്ക് ഇനി അധികം സമയം ബാക്കിയില്ല' എന്ന് വിഷമിച്ച് ജീവിക്കാം. അല്ലെങ്കിൽ, 'എനിക്ക് ബാക്കിയുള്ള സമയത്ത് എന്ത് ചെയ്യാൻ കഴിയും?' എന്ന് ചിന്തിക്കാം. അവൾ രണ്ടാമത്തെ വഴി തിരഞ്ഞെടുത്തു. തന്റെ ആരോഗ്യപരിമിതികൾക്കിടയിലും മാരത്തോൺ ഉൾപ്പെടെയുള്ള കഠിനമായ പ്രവർത്തനങ്ങളിൽ പങ്കെടുത്തു, അനേകരെ സഹായിക്കുന്നതിനായി വലിയ സംഭാവനകൾ ശേഖരിച്ചു.

അവൾക്ക് ജീവിതത്തിലേക്ക് കൂടുതൽ വർഷങ്ങൾ ചേർക്കാൻ കഴിഞ്ഞില്ല. എന്നാൽ ലഭിച്ച വർഷങ്ങൾ ഫലപ്രദമാക്കി.

*വിശ്വാസികളായ നമുക്കും സ്വയം ചോദിക്കാം: 'കർത്താവ് എനിക്ക് ശ്വാസം നൽകുന്നിടത്തോളം, അവനുവേണ്ടി എനിക്ക് ഇനിയും എന്ത് ചെയ്യാൻ കഴിയും?' ഈ ആണ്ടിൽ എന്റെ ശ്വാസം നിലച്ചാൽ അതിനു മുൻമ്പായി ചെയ്തുതീർക്കേണ്ട ആ സുപ്രധാന ദൗത്യമെന്താണ്.*

■■■




# ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ് / യുവതിയുടെ പേര് :........................................................................ ഒപ്പ്:......................

# ആരോഗ്യവിചാരം

## തലച്ചോറിലെ പ്രതിരോധകോശങ്ങളെ 'റീപ്രോഗ്രാം' ചെയ്താൽ അൽഷിമേഴ്സ് മാറുമോ? അത്ഭുതപ്പെടുത്തി പുതിയ കണ്ടെത്തൽ!



**അ**ൽഷിമേഴ്സ് ബാധിച്ചവരിൽ തലച്ചോറിന്റെ സ്വാഭാവിക പ്രതിരോധശേഷി വീണ്ടെടുക്കാൻ സഹായിക്കുന്ന പുതിയ 'ഒഎൽഇ' (OLE) എന്ന മോളിക്യൂൾ കണ്ടെത്തി ശാസ്ത്രജ്ഞർ. സ്പെയിനിലെയും സ്വിറ്റ്സർലൻഡിലെയും ഗവേഷകർ സംയുക്തമായി നടത്തിയ പഠനത്തിലാണ് 'ഒഎൽഇ' കണ്ടെത്തിയത്. തലച്ചോറിലെ പ്രതിരോധകോശങ്ങളായ 'മൈക്രോഗ്ലിയ' (Microglia) പുനരുജ്ജീവിപ്പിച്ചു സംരക്ഷണസജ്ജമാക്കാൻ ഈ 'ഒഎൽഇ'ക്ക് സാധിക്കുമെന്നാണ് പ്രധാന കണ്ടെത്തൽ. 'സെൽ ഡെത്ത് ആൻഡ് ഡിസീസ്' (Cell Death & Disease) എന്ന രാജ്യാന്തര ജേർണലിലാണ് ഈ പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സ്പാനിഷ് നാഷണൽ റിസർച്ച് കൗൺസിലിന്റെയും മിഗ്വൽ ഹെർണാണ്ടസ് യൂണിവേഴ്സിറ്റി ഓഫ് എൽഷെയുടെയും സംയുക്ത കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ന്യൂറോസയൻസസിലെ ജോസ് വിസെന്റെ സാഞ്ചസ്, ഇക്കോൾ പോളിടെക്നിക് ഫെഡറൽ ഡി ലോസാനിലെ ജോഹന്നാസ് ഗ്രാഫ് എന്നിവരുടെ നേതൃത്വത്തിലാണ് ഈ ഗവേഷണം നടന്നത്.

തലച്ചോറിൽ 'ബീറ്റാ - അമിലോയിഡ് പ്ലാക്കുകൾ' (Beta - amyloid plaques)എന്ന വിഷമടങ്ങിയ പ്രോട്ടീൻ അടിഞ്ഞുകൂടുന്നത് തടയാൻ 'ഒഎൽഇ'യ്ക്ക് കഴിയുമെന്ന് മൃഗങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞു. അൽഷിമേഴ്സ് രോഗത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ് 'ബീറ്റാ - അമിലോയിഡ് പ്ലാക്കുകൾ' രോഗം കൂടുന്നതോടെ സാധാരണ ഗതിയിൽ മൈക്രോ ഗ്ലിയ കോശങ്ങളുടെ പ്രവർത്തനം മന്ദഗതിയിലാവുകയും അവ നാഡീകോശങ്ങൾക്ക് നാശമുണ്ടാക്കുകയും ചെയ്യും. എന്നാൽ PM20D1 എന്ന ജീൻ ഉൽപാദിപ്പിക്കുന്ന 'ഒഎൽഇ' മോളിക്യൂൾ ഈ മൈക്രോഗ്ലിയകളെ വീണ്ടും സജീവമാക്കുകയാണ് ചെയ്യുന്നത്.

**മൈക്രോഗ്ലിയകളുടെ പ്രവർത്തനം:** 'ഒഎൽഇ'യുടെ സാന്നിധ്യത്തിൽ, ഈ പ്രതിരോധ കോശങ്ങൾ വിഷമടങ്ങിയ പ്ലാക്കുകളെ വളഞ്ഞ് പ്രതിരോധം തീർക്കും. ഇത് പ്ലാക്കുകൾ തലച്ചോറിലെ മറ്റ് നാഡീകോശങ്ങളുമായി സമ്പർക്കത്തിൽ വരുന്നത് തടയുകയും നാശത്തിന്റെ വ്യാപ്തി കുറെക്കുകയും ചെയ്യുന്നു.

**പരീക്ഷണശാലയിൽ** : ജനിതക വ്യതിയാനം വരുത്തിയ വിരകളിലും എലികളിലുമാണ് ഈ പഠനം നടത്തിയത്. മൂന്ന് മാസത്തെ ചികിത്സയ്ക്ക് ശേഷം എലികളിൽ അടിഞ്ഞുകൂടിയ പ്ലാക്കുകളുടെ അളവ് ഗണ്യമായി കുറഞ്ഞു. ഓർമ്മശക്തി പരീക്ഷകളിൽ അവ മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്തു.

**നാഡീസംരക്ഷണം** : പരീക്ഷണശാലയിലെ കോശവിന്യാസങ്ങളിൽ (Cell cultures) നടത്തിയ പഠനങ്ങളിൽ, നാഡീകോശങ്ങളുടെ നിലനിൽപ്പ് മെച്ചപ്പെടുത്താൻ 'ഒഎൽഇ' സഹായിക്കുന്നതായി കണ്ടെത്തി. ഭാവിയിൽ മനുഷ്യരിലെ അൽഷിമേഴ്സ് ചികിത്സക്ക് വലിയ പ്രതീക്ഷ നൽകുന്നതാണ് ഈ കണ്ടെത്തൽ.

Source: www.manoramaonline.com

■■■

(പേജ് 8 - ൽ നിന്നും)

സ്വത്വത്തിന് അനുസരിച്ചുള്ള ജീവിതശൈലിയാണ് അവർ അവലംബിക്കുന്നത് (from inside out). മറ്റവരോ, ചെയ്യുന്ന ഓരോ കാര്യങ്ങളും മൂലം തങ്ങൾക്ക് ഒരു സ്വത്വം നിർമ്മിച്ചെടുക്കുവാൻ ശ്രമിക്കുന്നവരാണ് (from outside in); ആ സ്വത്വത്തിന് പരിധിയുണ്ട്; അസംതൃപ്തിക്ക് കാരണവുമുണ്ട്.

"വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം" (അപ്പൊ. പ്ര. 20:35). ത്യാഗത്തിലൂടെ നേടുന്നവ സ്വാർത്ഥതയിലൂടെ നേടുന്നവയെക്കാൾ ഉൽകൃഷ്ടവും സംതൃപ്തവും ആയിരിക്കും. ഭാര്യ ഭർത്താവിനുവേണ്ടിയും ഭർത്താവ് ഭാര്യക്കുവേണ്ടിയും ഇരുവരും ദൈവത്തിനുവേണ്ടിയും - അവരവർക്ക് വേണ്ടിയല്ല - ജീവിക്കുന്ന മഹത്തരമായ അവസ്ഥയുണ്ട്. ആയതിന് നമുക്ക് ക്രിസ്തുവിൽ ഉള്ള നമ്മുടെ സ്ഥാനം (status) മനസ്സിലാക്കി ദൈവാത്മാവിനാൽ ആ സ്റ്റാറ്റസിൽ ജീവിക്കുവാൻ ഇടയാകുന്നത് ഭാഗ്യമത്രേ.

(തുടരും)

■■■

ഭാഗം : 08

# ബൈബിൾ ക്വിസ് AUG 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM ജൂലൈ 2026)

1. യോവാബിനു പകരം ആരെയാണ് സേനാധിപതി ആക്കിയത് ?
2. സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നപ്പോൾ എന്താണ് പ്രത്യക്ഷമായത് ?
3. ആർക്ക് പകരമാണ് സാദോക്കിനെ പുരോഹിതനായി നിയമിച്ചത് ?
4. സൂര്യനെ അണിഞ്ഞ സ്ത്രീയുടെ കിരീടത്തിൽ എത്ര നക്ഷത്രങ്ങൾ?
5. ശിമെയിക്ക് ശലോമോൻരാജാവ് നിശ്ചയിച്ച അതിര് ?
6. തീ നിറമുള്ള മഹാസർപ്പത്തിന് എത്ര കൊമ്പുകൾ?
7. ശിമെയി എത്ര വർഷം കഴിഞ്ഞാണ് തനിക്ക് നിശ്ചയിച്ചിരുന്ന അതിർ ലംഘിച്ചത് ?
8. മനുഷ്യൻ ജന്മനാ പൊതുവേ എങ്ങനെയുള്ളവനാണ് ?

**ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.**

9. യഹോവയുടെ ആണയും രാജാവിന്റെ കല്പനയും പ്രമാണിക്കാതെ മരണംവരിച്ച ആൾ?
10. സ്ത്രീ പ്രസവിച്ച ആൺകുട്ടി എങ്ങോട്ടാണ് എടുക്കപ്പെട്ടത് ?

## ബൈബിൾ ക്വിസ് 2026 - ഭാഗം 7 ശരിയുത്തരങ്ങൾ

1. അബ്യാഥാർ (1 രാജാക്കന്മാർ 2:26)
2. ക്രിസ്ത്യാനികൾ (ജിഎം ജൂൺ പേജ് 10)
3. അദോനീയാവിന്റെ (1 രാജാക്കന്മാർ 2:28)
4. രണ്ട് സാക്ഷികൾ (വെളിപ്പാട് 11:12)
5. യോവാബിനെ (1 രാജാക്കന്മാർ 2:31)
6. സ്വർഗ്ഗത്തിലെ ദൈവത്തിന്നു (വെളിപ്പാട് 11:13)
7. യോവാബ് (1 രാജാക്കന്മാർ 2:32)
8. കർത്താവിനും അവന്റെ ക്രിസ്തുവിനും (വെളിപ്പാട് 11:15)
9. അബ്നേർ, അമാസാ (1 രാജാക്കന്മാർ 2:33)
10. 24 മൂപ്പന്മാർ (വെളിപ്പാട് 11:16)

## ഭാഗം-6 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ജോസഫ്, ഗ്രേസി ചാക്കോ, ജാൻസി ജോൺ, സുജാ മോൾ തോമസ്, ജിൻസി എഡ്വിൻ

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

GOSPEL TEAM SECRETARY

A.V. BENNY : 99460 53470

ORGANIZER

M.O. JOSE : 86067 04376

## ZONAL SECRETARIES

P.V. JOSEPH : 94465 96654

C.K. ABRAHAM : 94478 74276

JANCY VARGHESE : 94465 23654

VALSA KURIAKOSE : 94972 80050

CHINNU RAJAN : 99953 29889

## ഓഫീസ് OFFICE TIME : 9.30 am - 6.00 pm

Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

Phone : (+91) 8281616654 (Whatsapp)

E-mail : egmofindia@gmail.com

Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

## ഉപവാസപ്രാർത്ഥനയും ബൈബിൾ ക്ലാസ്സും


**ശനിയാഴ്ചകളിൽ : 10 am – 12 pm**

**അല്ലപ്ര മിഷൻ സെന്ററിൽ വച്ച്**

**ഏവർക്കും സ്വാഗതം**

## പ്രെയർ കോൺഫറൻസ്

പ്രസംഗകർ



Br. ഷാജി പാപ്പച്ചൻ



Dr. വി.പി മത്തായി
വാലയിൽ

2026 ആഗസ്റ്റ് 15–ാം തീയതി
ശനിയാഴ്ച മിഷൻ സെന്ററിൽ
രാവിലെ **10 am** മുതൽ **2 pm** വരെ

**ഏവർക്കും സ്വാഗതം...**

**CONTACT NO : +91 9447707654, +91 8281616654**

## ഏകദിന കുടുംബ നവീകരണ ധ്യാനം

**(മൂന്നാം ഓണനാളിൽ)**

പ്രസംഗകൻ



Br. അനിയൻ കുഞ്ഞ്
പുല്ലാട്

2026 ആഗസ്റ്റ് 27 വ്യാഴാഴ്ച
അല്ലപ്ര മിഷൻ സെന്ററിൽ
**10 am** മുതൽ **1.15 pm** വരെ

**ഏവർക്കും സ്വാഗതം...**



## ആവശ്യമുണ്ട്

**മിഷൻ ഫീൽഡിലേക്ക് രണ്ട്
ടൂവിലർ ആവശ്യമുണ്ട്**

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക് Support for the works in a Mission field | : | ₹ 15,000/ |
| ഒരു മിഷനറിയുടെ സംരക്ഷണത്തിന് support for a Missionary | : | ₹ 5,000/ |
| ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന് Evangelisation of a village | : | ₹ 2,500/ |
| ബൈബിൾ, സുവിശേഷപ്രതികൾക്ക് Distribution of Bible, Tracts etc. | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു ആരാധനാലയം നിർമ്മിക്കുവാൻ Construction of a Church | : | ₹ 10,00,000/ |
| ഗ്രാമത്തിൽ ഒരു പ്രെയർ ഹാൾ Construction of a Prayer Hall in a village | : | ₹ 4,00,000/ |
| ഫീൽഡിലേക്ക് ഒരു ടൂവീലർ Buy a twowheeler to the Mission field | : | ₹ 1,00,000/ |
| ഫീൽഡിലേക്ക് ഒരു സൈക്കിൾ Buy a cycle to the Mission field | : | ₹ 5,000/ |

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം Distribute Lunch In Tribal school | : | ₹ 5,000/ |
| മെഡിസിൻ വിതരണത്തിന് Distribution of medicine | : | ₹ 1000/ |
| ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക് Palliative Care for a BPL Family | : | ₹ 1,000/ |
| ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ് Support | : | ₹ 1,700/ |
| വിദ്യാഭ്യാസ സഹായം Educational help | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു വീട് നിർമ്മിക്കുവാൻ Construction of a house for the poor | : | ₹ 4,00,000/ |
| സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ് school uniform, bag & shoes | : | ₹ 1,500/ |

## ബാങ്ക് വിവരങ്ങൾ

**Name : EGM OF INDIA A/c No : 337 572 223 61**

**Name : MATHAI V.P. A/c No : 303 940 841 48**

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name: HELP INDIA MISSION**
**A/c No: 100 302 000 284 26**
**Name: MATHAI V.P. A/c No: 100 301 005 826 13**

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia1@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

### പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

ഹെൽപ്പ് ഇന്ത്യ മിഷൻ
www.helpindiamission.com

# DOXA SERENITY VILLAGE

## കരുതലിന്റെയും ദൈവസ്നേഹത്തിന്റെയും ഒരു പുതിയ ദർശനം



**സ്നേഹവും സുരക്ഷിതത്വവും നിറഞ്ഞ സംരക്ഷണം**



**ആത്മീയസന്തോഷവും സാമൂഹിക ഒത്തുചേരലും**



**മാന്യമായ ജീവിത സൗകര്യങ്ങൾ**

**ആ**ത്മീയപ്രവർത്തനങ്ങളും സാമൂഹിക ക്ഷേമപ്രവർത്തനങ്ങളും ഒരു പക്ഷിയുടെ രണ്ട് ചിറകുകളായി കണക്കാക്കി, ദൈവ രാജ്യത്തിന്റെ വ്യാപനത്തിനും സമൂഹത്തിന്റെ നന്മെക്കുമായി പ്രവർത്തിക്കുവാൻ ദൈവം നമ്മുടെ മിഷനെ ഇതുവരെയും അത്ഭുതകരമായി സഹായിച്ചു. ഈ യാത്രയിൽ പ്രിയ സഹകാരികൾ നൽകിയ സഹായങ്ങളും പിന്തുണയും പ്രാർത്ഥനകളും വലിയ പ്രോത്സാഹനമായി മാറിയിട്ടുണ്ട്. ലഭിച്ച ഓരോ സഹായവും ദൈവത്തിന്റെ സ്നേഹം സമൂഹത്തിലേക്ക് എത്തിക്കുന്നതിനും മനുഷ്യരുടെ ആവശ്യങ്ങളിൽ കൈത്താങ്ങാകുന്നതിനും പ്രയോജനപ്പെടുത്തുവാൻ ദൈവം കൃപ നൽകി. വിദേശ ഫണ്ടുകളോ ഏതെങ്കിലും പ്രത്യേക സഭാവിഭാഗത്തിന്റെ പിന്തുണയോ ഇല്ലാതിരിക്കെ, വിവിധ പശ്ചാത്തലങ്ങളിൽനിന്നുള്ള ദൈവജനങ്ങളുടെ സഹകരണത്തോടെ ഈ പ്രവർത്തനങ്ങൾ ഇത്രത്തോളം മുന്നോട്ടുകൊണ്ടുപോകുവാൻ കഴിഞ്ഞു. ഇപ്പോൾ മിഷൻ ദൈവത്തിന്റെ നടത്തിപ്പിൽ ഒരു പുതിയ നാഴികക്കല്ലിലേക്കുള്ള ചുവടുകൾ വെക്കുകയാണ്.

വാർദ്ധക്യത്തിലേക്ക് കടക്കുന്നവർക്കും ജീവിതത്തിന്റെ സായാഹ്നത്തിൽ എത്തിനിൽക്കുന്നവർക്കുമായി സ്നേഹവും സുരക്ഷിതത്വവും ആത്മീയസന്തോഷവും നിറഞ്ഞ ഒരു സംരക്ഷണകേന്ദ്രം ആരംഭിക്കുക എന്നത് ഏറെ നാളുകളായുള്ള ഒരു സ്വപ്നമായിരുന്നു. ഈ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള ആദ്യ ചുവടുകൾ വെക്കുവാൻ ദൈവം ഇപ്പോൾ വഴികൾ തുറന്നുകൊണ്ടിരിക്കുന്നു. ഈ ദർശനത്തിന്റെ ഭാഗമായി, പെരുമ്പാവൂരിൽനിന്നും ഏകദേശം 15 കിലോമീറ്റർ അകലെയായി ഒരേക്കറിനടുത്ത് വരുന്ന സ്ഥലം വാങ്ങുവാൻ മിഷൻ ഒരുങ്ങുകയാണ്. ഇത് വലിയൊരു ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുന്നു. അതോടൊപ്പം ദൈവം ഏൽപ്പിക്കുന്ന ഒരു ദൗത്യമാണെന്നും.

വാർദ്ധക്യത്തിന്റെ സ്വാഭാവികമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി, ശാരീരിക ആവശ്യങ്ങൾക്കും ആത്മീയവളർച്ചക്കും അനുയോജ്യമായ ഒരു സമാധാനപരമായ അന്തരീക്ഷം ഇവിടെ ഒരുക്കുവാൻ ആഗ്രഹിക്കുന്നു. ഏകാന്തതയും അവഗണനയും ഇല്ലാതെ, സ്നേഹത്തോടെയും കരുതലോടെയും ജീവിതത്തിന്റെ ശേഷിക്കുന്ന കാലം നയിക്കുവാൻ കഴിയുന്ന ഒരു ഇടമായി ഇത് മാറണമെന്നാണ് ഞങ്ങളുടെ പ്രാർത്ഥന. ജീവിതാവസാനംവരെ ആവശ്യമായ പരിചരണവും മാന്യമായ ജീവിതസൗകര്യങ്ങളും ലഭിക്കുന്ന ഒരു അന്തരീക്ഷം ഒരുക്കുക എന്നതാണ് ഡോക്സാ സെറിനിറ്റി വില്ലേജിന്റെ ലക്ഷ്യം. ഘട്ടംഘട്ടമായി സാമ്പത്തിക മുഖാന്തരങ്ങൾക്കനുസരിച്ച്, ദീർഘകാല കാഴ്ചപ്പാടോടെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിച്ചെടുക്കേണ്ടതുണ്ട്.

ഈ മഹത്തായ ദൗത്യത്തിനായി ഏവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. ദൈവത്തിന്റെ നടത്തിപ്പിൽ വിശ്വസിച്ചുകൊണ്ട്, ഈ സ്വപ്നപദ്ധതിയുമായി മിഷൻ മുന്നോട്ട് പോകുകയാണ്. ഡോക്സാ സെറിനിറ്റി വില്ലേജ്, കരുതലിന്റെ, പ്രത്യാശയുടെ, ദൈവസ്നേഹത്തിന്റെ ഒരു ഭവനം.

**കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: +91 8281616654, +91 9447707654**

FEDERAL BANK

Scan & Support

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി നൽകുന്ന സംഭാവനകൾക്ക് 80G പ്രകാരം Income Tax ഇളവ് ലഭിക്കുന്നതാണ്. അതിനായി 100 302 000 284 26 എന്ന അക്കൗണ്ട് നമ്പർ ഉപയോഗപ്പെടുത്തുക.

**BANK DETAILS**

| | |
|---|---|
| HELP INDIA MISSION | V.P. MATHAI (Official) |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor

IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# MORNING FELLOWSHIP
## BIBLE STUDY

ഓഗസ്റ്റ് 3 (തിങ്കൾ) മുതൽ സെപ്റ്റംബർ 3 (വ്യാഴം) വരെ നമ്മുടെ പ്രഭാത കൂട്ടായ്മയിൽ ഒരു മാസത്തെ ബൈബിൾ സ്റ്റഡി ഓൺലൈനായി നടത്തപ്പെടുന്നു.

**5.30 am - 6.45 am** Google Meet Meeting id : iib-yyvd-seq

### ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നവർ



Rev. ബേസിൽ ജോർജ് | Evg. ചാണ്ടപ്പിള്ള ഫിലിപ്പ് | Evg. ബാബു അഞ്ചേരി | Br. ബാബു പുല്ലാട് | Dr. വി. പി. മത്തായി വാലയിൽ

ശ്രീമതി ജാൻസി വർഗീസ് | ശ്രീ. ബിജു പൗലോസ് | ശ്രീ. ഒ. ജെ. പൗലോസ് | ശ്രീ. എ. വി. ബെന്നി

ഉല്പത്തി 1– 35 അധ്യായങ്ങൾ

# രക്ഷാസന്ദേശം
ടി. വി പ്രോഗ്രാം



POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച രാത്രി 9 ന്

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

**യൂട്യൂബ് ചാനൽ സന്ദർശിക്കുക**

www.youtube.com/egmofindia Subscribe

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.